TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, February 4, 1908 / Makaram 22, 1083

Part II.— രണ്ടാം ഭാഗം

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തൊടുപുഴ താലൂക്കിൽ ചേർന്ന തൊടുപുഴ കൃഷ്ണസ്വാമി ക്ഷേത്രത്തിൽ വെച്ചു ൧൦൮൩-ാമാണ്ടു മീനമാസം ൧൩-നു മുതൽ ഉത്സവവും ൧൦-നു കളഭവും സദ്യയും നടത്തിക്കുന്നതിനു വേണ്ട കോപ്പുകൾ കുത്തകയായി ഏല്പിക്കുന്നതിനു കുംഭമാസം ൨൦-നു തൊടുപുഴ താലൂക്കിലും ൨൫-നു ഡിവിഷൻ കച്ചേരിയിലും വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ആയതുകൊണ്ടു ൫൦ രൂപാവീതം ഡേമണി വെക്കാതെ ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ലാ. കുത്തകകൾ ഏല്ക്കപ്പെടുന്നവരിടെ മേൽ സർക്കാരിലെ യുക്തംപോലെ ഗവർമെണ്ടു അനുവാദപ്രകാരം ലേലം സ്ഥിരപ്പെടുത്തി എട്ടിൽ ഒരു ഭാഗം ഡേമണിയും ലേലക്കാരന്റെ ചിലവിന്മേൽ ഉടമ്പടിയും വെപ്പിച്ചു കുത്തക കൊടുത്തു നടത്തിക്കുന്നതും അടിയന്തിരം കഴിഞ്ഞു കണക്കു തീർപ്പിച്ചു പണം കൊടുപ്പിക്കുന്നതും ആകുന്നു.

ലേലത്തിൽ ചേരുന്നതിനു ഡേമണി വച്ചിട്ടുള്ളതിൽ ലേലം സ്ഥിരപ്പെടുന്നവരിടെ തുക അവർ കുത്തകയുടെ ഉറപ്പിനു വെയ്ക്കേണ്ട ഡേമണിക്കു ഉപയോഗപ്പെടുത്തുകയും ശേഷംപേരുടെ ഡേമണി ഉടനെ തിരിയെ കൊടുക്കുകയും ചെയ്യുന്നതാണ്. ലേലത്തിൽ പിടിച്ചതിനു ശേഷം ഉടമ്പടി മുതലായതു വെക്കാതെയൊ ഉടമ്പടി വച്ചതിന്റെ ശേഷം അതിലെ താല്പര്യപ്രകാരം ശരിയായി നടക്കാതെയൊ ഇരുന്നാൽ ഡേമണി വച്ചിട്ടുള്ള സംഖ്യ പ്രായശ്ചിത്തമായി മുതൽ കൂട്ടിക്കുന്നതു കൂടാതെ വേറെ വിധം ഏർപ്പാടു ചെയ്തു നടത്തിക്കുന്നതിൽ വച്ചു ഉണ്ടാകുന്ന സകല നഷ്ടങ്ങളും റവന്യൂകുടിശ്ശികപോലെ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണെ.

൧൦൮൩-മാണ്ടു മകരമാസം ൨൨-നു

ദിവാൻപേഷ്കാർ നാരായണയ്യൻ സുബ്രഹ്മണ്യയ്യൻ.

ഹ:കരം അസിസ്റ്റണ്ടു കെ. അനന്തനാരായണയ്യൻ.

കല്ക്കുളം താലൂക്ക കച്ചേരിയിൽ നിന്നു പരസ്യം ചെയ്യുന്നതെന്തെന്നാൽ

കേരളപുരം ക്ഷേത്രത്തിൽ പഴയ സാമാനങ്ങൾ സംബന്ധിച്ചു ചുവടെ ചേർത്തിട്ടുള്ള ലിസ്റ്റിൻപ്രകാരമുള്ള സാമാനങ്ങളെ ൧൦൮൬ മിഥുനം ൫൪ാം തീയതി രാവിലെ ൧൧ മണിക്കു ദേവസ്വത്തു വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. വിളികേൾപ്പാൻ മനസ്സുള്ള ആളുകൾ അവധിദിവസം റൊക്കം രൂപായി വിളിക്കുവാൻ ഹാജരാകേണ്ടതും കൂടുതൽ തുകക്കു ഏല്ക്കുന്നവരുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതുമാകുന്നു. സ്ഥിരപ്പെട്ട ലേലക്കാരൻ പണം മുഴുവനും ഉടനെ കെട്ടിവച്ചു സാമാനങ്ങളെ കൊണ്ടുപോകേണ്ടതും അങ്ങനെ ചെയ്യാതെ അമാന്തിച്ചു ലേലത്തിനു മററൊ ഇടയായാൽ സർക്കാരിലേക്കു നഷ്ടം വന്നാൽ ആയതു ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുമെന്നുള്ളതും ലാഭം വന്നാൽ അതിലേക്കു അവകാശം പറഞ്ഞുകൂടുന്നതല്ലാത്തതും ആകുന്നു എന്നു

൧൦൮൬—൫—൨൧

ആ: തഹശീൽദാർ
വി. ആണ്ടിപ്പിള്ള.

കേരളപുരം ദേവസ്വത്തിലെ പഴയ സാമാനങ്ങൾ മുതലായതു ലേലത്തിൽ വില്പിക്കേണ്ട വകക്കു വിവരം എഴുതിയ ലിസ്റ്റ്.

നമ്പർ	സാമാനവിവരം	നീളം വീതി മുതലായതു	ഉദ്ദേശ വില പണം
൧	രണ്ടു നടക്കുള്ള പഴയ കതകു	൪॥ × ൧।	൮
൨	ആറു നടക്കു ടി ശരാശരി	൬॥ × ൨¾	൨൪
൩	ഒററക്കതകു ടി ടി	൬ × ൨॥	൨॥
൪	ടി ടി	൪॥ × ൨	൨
൫	ഒന്നരപ്പാതി പലക	൪॥ × ൧।	
൬	കട്ടളക്കൂട്ടം ഒന്നുക്കു	൫ × ൨।	൭
൭	ശ്രീകോവിൽ കതകു	൫ × ൧॥	൨॥
൮	മരക്കട്ട എണ്ണം ൩൨ കു	ശരാശരി ൫ അടി നീളം	൮
൯	തുണ്ടുകളായി കിടപ്പുള്ള മരക്കഷണങ്ങളും പട്ടിയൽ തുണ്ടുകളും	...	൧൰
൧൰	കെട്ടിപ്പൊടിഞ്ഞ പന ഉത്തരം	ശരാശരി ൧൫ അടി നീളത്തിൽ എണ്ണം ൬ കു	൧॥
൧൧	തുണ്ടുതുണ്ടായി കെട്ടമുള്ള	എണ്ണം ൩൦	൧॥
൧൨	കട്ട	൩॥ × ൧। } കൂട്ടം ൧	൨
൧൩	അഴിക്കതകു	൩। × ൧।	
൧൪	വെള്ളപ്പിറായകരുകോവിലിനു മുൻവശമുള്ള അറിച്ചുകൂട്ടപ്പുര പൊടിഞ്ഞുകിടപ്പുള്ളതായിരിക്കുന്നതു പിരിച്ചു കൊണ്ടുപോകേണ്ടതിലേക്കു	മരം, പന, ഓല ഉൾപ്പടെ ൫ ാ	

ആകെ പണം ൧൧൩

മാവേലിക്കര താലൂക്കിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

മാവേലിക്കര കൃഷ്ണസ്വാമി ക്ഷേത്രം വകക്കു അടിയിൽ വിവരം പറയുന്നതായ വിളക്ക മാടത്തിൽനിന്നുംപഴയ അമ്പത്തിലി അഴിച്ചതും അതിൽ നാട്ടിയിട്ടുള്ള ഇരിമ്പു വിളക്കുകളും ൧൦൮൩ മത മകരമാസം ൨൨-നു പകൽ ൧൧ മണിക്കു ടി കച്ചേരിയിൽ വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതാകകൊണ്ടു കൂടുതൽ തുകക്കു വിളിച്ചെടുപ്പാൻ മനസ്സുള്ള ആളുകൾ ഹാജരായി വിളികേട്ടുകൊള്ളാവുന്നതും ഏല്പിക്കുന്ന സംഖ്യയിൽ നാലിൽ ഒന്നു ഉടനെയും ശേഷം പണം അവധിക്കു വന്നു തെര്യപ്പെടുത്തുന്ന സമയത്തും കെട്ടിവെക്കേണ്ടതും അതിൽ പിന്നെ സാമാനം കൈവശം കിട്ടുന്നതും ആകുന്നു. ഏതെങ്കിലും കാരണവശാൽ ആവൎത്തിച്ചു ലേലത്തിനു ഇടയാക്കിയാൽ നഷ്ടത്തിനു ആദ്യലേലക്കാരൻ ഉത്തരവാദിയായി തീരുന്നതും ലാഭം ഉണ്ടായാൽ അതിലേക്കു അവകാശം പറവാൻ പാടില്ലാത്തതുമാണ് എന്നു

൧൦൮൩ തുലാം ൨൩-നു

തഹശീൽദാർ ഹരിഹരയ്യർ.

സാമാനവിവരം

നമ്പർ	നിളം	വീതി	ഘനം	അതിലുള്ള ഇരിമ്പുവിളക്ക എണ്ണം	ഉരുപ്പടി വിവരം	ഉദ്ദേശവില ത്രു	ച	കാ
൧൦൯	൧	൪	൨	൧൫൮	വിളക്കതണ്ടിയ്യും ഇരിമ്പുവിളക്കും	..	൧൯	...
൧൨൮	൨	൪	൨	൬൧൪		൧	൭	൫
൯൪	൬	൪	൨	൬൦൧		൧	൫	൭
൧൦൬	൪	൪	൨	൪൩൬		൧	൨൩	൧൧
൪൧	൮	൪	൨	൨൪൦		.	൨൭	൧൬
൮൪	൩	൪	൨	൬൧൦		൧	൭	൧൪
൨൦	൭	൪	൨	൧൩൩		...	൧൯	൨
൧൫	൫	൪	൨	൧൩൯		...	൧൯	൯
൩	൯	൪	൨	൩൨		...	൭	൪
൯	൧൦	൪	൨	൧൦൦		...	൧൧	൧൪
൧	൧൧	൪	൦	൧൮		...	൧	൧൦
൭	൧൨	൪	൨	൧൦൧		...	൧൧	൯
൧	൧൬	൪	൨	൧൭		.	൧	൧൪
൨	൭॥	൮॥	൮॥	൧൦	മൂലക്കാൽ	...	൭	...
				൨൩൦	ഇളകി കിടപ്പുള്ള ഇരിമ്പുവിളക്ക	...	൨	...

നമ്പർ ൨൫൭൬. കോട്ടയം താലൂക്കകച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

വടവാതൂർ ക്ഷേത്രത്തിൽ ശ്രീകോവിൽ പണി കൺട്രാക്ട് ഏറ്റിരുന്നു മരിച്ചുപോയ അയ്യപ്പൻ നിലകണ്ഠൻ ചെല്ലുവാനുള്ള പണം ഒടുക്കുവിക്കണമെന്നു ആയാളുടെ അവകാശി വിജയപുരം മുട്ടമ്പലംകരയിൽ കന്നംപൊള്ളിൽ കേശവൻ ഹാജരായി ബോധിപ്പിച്ചു അവകാശം വിചാരണ നടത്തിയിരിക്കകൊണ്ടു ഇതിലേക്കു ന്യായമായ അവകാശികളോ തടസ്ഥക്കാരോ ഉണ്ടായിരുന്നാൽ ഈ പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതിമുതൽ മൂന്നു മാസത്തിനകം ഈ കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചു കൊള്ളേണ്ടതാകുന്നു. അവധികഴിഞ്ഞുവരുന്ന അവകാശങ്ങളെ സ്വീകരിക്കുന്നതല്ലാ.

കോട്ടയം
൧൦൮൩ ധനു ൩൪.

ആക്ടിംഗ് തഹശീൽദാർ
പി. ആർ. മാധവൻപിള്ള

ഏററുമാനൂർ താലൂക്ക കച്ചേരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഏററുമാനൂർ [illegible] ക്ഷേത്രത്തിലെ [illegible] വകയിൽ പണിയ്ക്കുപയോഗമില്ലാതെ [illegible] ഉരുപ്പടികൾ മകരമാസം [illegible] ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ [illegible] വിളി കേൾക്കാവുന്നതാകുന്നു.

ലേലത്തിൽ വിളി കേട്ടാൽ ഉടനെ ലേലസംഖ്യയിൽ നാലിലൊന്നു ഡേമണി കെട്ടി [illegible] ലേലം സ്ഥിരപ്പെടുത്തി [illegible] സംഖ്യകൂടി ഒടുക്കിച്ചും [illegible] ഉരുപ്പടികൾ വിട്ടുകൊടുക്കുന്നതുമാണ്.

ലേലത്തിൽ വിളികേട്ട ഡേമണി വെയ്ക്കുകയും സ്ഥിരപ്പെടുത്തി ഉത്തരവുണ്ടാകയും ചെയ്തതിന്റെ ശേഷം ബാക്കിപണം ഒടുക്കി ഉരുപ്പടികൾ ഏറെറടുക്കാതെയിരുന്നാൽ രണ്ടാമതും ലേലം ചെയ്യുന്നതും ആ ലേലസംഖ്യ ആദ്യ സംഖ്യയെക്കാൾ കുറവു വന്നു എങ്കിൽ ആ നഷ്ടം ആദ്യ ലേലക്കാരൻ ഉത്തരവാദിയാകുന്നതും കൂടുതൽ വന്നാൽ ആയാൾക്ക അവകാശം ഇല്ലാത്തതും ആകുന്നു.

ലേലം സ്വീകരിക്കയൊ നിരാകരിക്കയൊ ചെയ്യുന്നതു ഇവിടത്തെ യുക്തംപോലെ ആയിരിക്കും.

തഹശീൽദാർ ആർ. കൃഷ്ണസ്വാമിരായർ

ഉരുപ്പടിവിവരം

ഉത്തരം, ചുററുത്തരം, മോന്തായം, കഴക്കോൽ മുതലായി പണിക്കുപയോഗം ഇല്ലാത്ത ഉരുപ്പടികൾ എണ്ണം (എൺപത്തിഒന്ന്) ൮൧ വിറകിനുപയോഗപ്പെടുന്ന പട്ടിയൽ മുതലായ വണ്ടിഭാരം (പത്തു) ൧൦

ആകെ ൻ൧.

Anchal Notice.

It is hereby notified for general information that the Anchal rates have been reduced as per Schedule annexed with effect from 15th Dhanu 1083.

Camp, Vamanapuram,
13th January 1908

P. M. VARKKI,
Anchal Superintendent.

Schedule of Anchal Rates.

Letters				Books and pattern packets				Newspapers				Parcels			
Not exceeding in weight	Rates			Not exceeding in weight	Rates			Not exceeding in weight	Rates.			Not exceeding in weight	Rates.		
	Rs	ch.	c		Rs	ch	c		Rs	ch	c		Rs	ch	c
¼ Tola	,,	,,	8	6 Tolas	,,	,,	8	6 Tolas	,,	,,	6	20 Tolas or fraction thereof.	,,	2	,,
1 Tola	,,	,,	12	For every additional 6 Tolas or fraction thereof	,,	,,	8	For every additional 6 Tolas or fraction thereof	,,	,,	6				
2 Tolas	,,	1	,,												
Above 2 Tolas up to 10	,,	2	,,	Book packets Maximum 400 Tolas								Maximum weight 600 Tolas			
For 10 Tolas or fraction thereof				Pattern 40 Do											
(limited to 20 Tolas).	,,	2	,,												

അഞ്ചൽ വക പരസ്യം

അഞ്ചൽകൂലി നിരക്കിനെ കല്പനപ്രകാരം താഴെ വിവരിക്കുന്ന പ്രകാരം ഫെബ്രുവരി [illegible] ഫിന്റ മുതൽ ഭേദപ്പെടുത്തിയിരിക്കുന്നതാകയാൽ വിവരം സകലമാനപേരും അറിഞ്ഞു നടപ്പാനാവേണ്ടി ഇതിനാൽ [illegible] ചെയ്യപ്പെടുത്തിയിരിക്കുന്നു

കൂലിനിരക്ക വിവരം

എഴുത്തുകൾക്ക				പുസ്തകങ്ങൾക്കും [illegible] കെട്ടുകൾക്കും				ന്യൂസ്പേപ്പർകൾക്ക				ബങ്കികൾക്ക			
ഇത്ര തൂക്കത്തിൽ കവിയാത്തതിന്ന	കൂലി നിരക്ക			ഇത്ര തൂക്കത്തിൽ കവിയാത്തതിന്ന	കൂലി നിരക്ക			ഇത്ര തൂക്കത്തിൽ കവിയാത്തതിന്ന	കൂലി നിരക്ക			ഇത്ര തൂക്കത്തിൽ കവിയാത്തതിന്ന	കൂലി നിരക്ക		
	ച	ച	കാ		ച	ച	കാ		ച	ച	കാ		ച	ച	കാ
കാൽ രൂപാ തൂക്കത്തിന്ന		...		൫ രൂപാ തൂക്കത്തിന്ന			വ്	ആറ രൂപാ തൂക്കത്തിന്ന				ഓരോ നൂറ്റെമ്പതു രൂപാ തൂക്കത്തിനും അതിന്റെ അംശങ്ങൾക്കും...		പ	...
അതിന മേൽ ഒരു രൂപാ തൂക്കംവരെ			൧	അതിന മേൽ വരുന്ന ഓരോ അഞ്ചു രൂപാ തൂക്കത്തിനും അംശങ്ങൾക്കും			വ	അതിന മേൽ ഓരോ ആറ രൂപാ തൂക്കത്തിനും അതിന്റെ അംശങ്ങൾക്കും				൩൦൦ രൂപാ തൂക്കത്തിൽ കവിഞ്ഞ ബങ്കി അയപ്പാൻ പാടില്ലാ			
അതിന മേൽ രണ്ടു രൂപാതൂക്കം വരെ		൧													
അതിന മേൽ പത്തു രൂപാതൂക്കം വരെ		വ		൬൦൦ രൂപാ തൂക്കത്തിൽ കവിഞ്ഞ ബുക്ക് പാക്കററു അയപ്പാൻ പാടില്ലാ											
അതിനമേൽ ഇരുപതു രൂപാ തൂക്കം വരെ	൧			൬൦ രൂപാ തൂക്കത്തിൽ കവിഞ്ഞ സാമ്പിൾ പാക്കററു അയപ്പാൻ പാടില്ലാ											

൧൦൮൩-ാമാണ്ടു
മകരമാസം ൧൫-നു

അഞ്ചൽ സൂപ്രണ്ടു
പി. എം. ഡക്കി.

നമ്പർ ൩൯൭ / ൮൩

കൽക്കുളം താലൂക്ക കച്ചേരിയിൽനിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തക്കല ആശുപത്രിയിൽ കിടന്നു കഴിഞ്ഞ വൃശ്ചികമാസം ൨൫-നു മരിച്ചുപോയ ജോസഫ് എന്ന ആളിന്റെ വക തിരുവിതാംകൂർ ഒരു വെള്ളിപ്പണത്തും ഒരു ചക്രം ചെമ്പുതുട്ടു രണ്ടും അരച്ചക്ര ചെമ്പുതുട്ട ഒന്നും ഇതിനുള്ളും [illegible] ഉള്ളതു ഏല്പിച്ചു വരുത്തി [illegible] ഖജനാവിൽ ഡെപ്പോസിറ്റായി വച്ചിരിക്കുന്ന ജോസഫ് എന്ന ആ [illegible] അവകാശികൾ ആരെന്നും അറിയുന്നതിന്നു പാടില്ലാത്തതുകൊണ്ടും അവകാശിയായി ഉണ്ടെങ്കിൽ ഈ പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ൩൦ ദിവസത്തിനകം ഈ കച്ചേരിയിൽ ഹാജരായി തെളിവുകൊടുത്തു പണം വാങ്ങിച്ചുകൊള്ളണം അല്ലാത്തപക്ഷം അവധി കഴിഞ്ഞ ഉടൻ പണം സർക്കാരിൽ മുതൽ കൂട്ടുന്നതിന്നു ഇടവരുന്നതാകുന്നു അവധി കഴിഞ്ഞു ബോധിപ്പിക്കുന്ന അവകാശങ്ങളെ സ്വീകരിക്കുന്നതല്ലാ എന്നു

൧൦൮൩-ാമാണ്ടു മകരമാസം ൧-നു

ആക്ടിംഗ് തഹശീൽദാർ വി. ആണ്ടിപ്പിള്ള.

നമ്പർ ൨൧

കൊട്ടാരക്കര ൨-ാം ക്ലാസ്സ മജിസ്ത്രേട്ടിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

കൊട്ടാരക്കര സ്റ്റേഷൻ രജിസ്റ്റർ വ്വന ൽ ൧൧-ാം നമ്പർ കേസിൽ സംശയിക്കപ്പെട്ട ഓച്ചിറ രാമൻ നീലകണ്ഠൻ താമസിക്കുന്ന കൊട്ടാരക്കര കരിക്കൽ ഇടവകയിൽ കാരിക്കാത മുറിയിൽ തോണ്ടലത്ത് വീട്ടുശോധന സമയം കാണപ്പെട്ടതും വഴിയിൽ കിടന്നു കിട്ടിയതാണെന്നു വീട്ടുടമസ്ഥൻ പറയപ്പെട്ടതും സ്റ്റേഷനാപ്പുര എടുത്തു ഹാജരാക്കി സ്റ്റേഷനിൽ സൂക്ഷിപ്പിച്ചിരിക്കുന്നതും ഉടമസ്ഥന്മാരുടെ നിശ്ചയം ഇല്ലാത്തതുമായ അടിയിൽ വിവരം പറയുന്ന ഉരുപ്പടിക്ക ഉടമസ്ഥന്മാരായി ആരെങ്കിലും ഉണ്ടായിരുന്നാൽ പരസ്യം ഗസററിൽ ചേക്കുന്ന തീയതി മുതൽ ൩൦ ദിവസത്തിനകം ഇവിടെ ഹാജരായി ബോധിപ്പിച്ചു തെളിവുകൊടുത്തു വാങ്ങിക്കൊള്ളണം. അവധിക്കകം ബോധിപ്പിക്കാതെ ഇരുന്നാൽ അവധി കഴിഞ്ഞ ഉടനെ ലേലത്തിൽ വില്പിച്ചുണ്ടാകുന്ന പണം ഗവമ്മെണ്ടിലേക്ക മുതൽ കൂട്ടുന്നതിനിടവരുന്നതാണ് എന്നു

൧൧൦൪ മകരം ൭-

൨-ാം ക്ലാസ്സ മജിസ്ത്രേട്ട വി എ. കൃഷ്ണയ്യർ.

ഉരുപ്പടി വിവരം

൨ പണമിട തൂക്കവും പവൻ മാററും ൧൦ പണം വില വരുന്നതും പാണ്ടിക്കാർ സ്ത്രീകൾ ഉപയോഗിക്കുന്നതുമായ സ്വൎണ്ണ ആഭരണത്തിന്റെ തുണ്ട ൧.

രാജകീയായുവ്വേദ പാഠശാലയിൽ ൧൦൫-ാമാണ്ട വക പാഠ വിവരപ്പട്ടിക.

പഞ്ചമഭാഗം — (എ) പ്രധാനപാഠം. അഷ്ടാംഗസംഗ്രഹം, സൂത്രസ്ഥാനം; ആയുഷ്കാമീയം, ശിഷ്യോപനയനീയം, ദിനചര്യ, അന്നപാനവിധി-അഗ്ര്യസംഗ്രഹം, മഹാകഷായസംഗ്രഹം, രോഗഭേദീയം, ഭേഷജാവചരണീയം, അഗ്നികമ്മവിധി- ശാരീരസ്ഥാനം; പുത്രകാമീയം, ഗഭോപചരണീയം, വികൃതേഹാവിജ്ഞാനീയം - നിദാനസ്ഥാനം; സവ്വരോഗനിദാനം, വാതവ്യാധിനിദാനം

ചികിത്സാസ്ഥാനം, കാസചികിത്സാ, ക്ഷതക്ഷയകാസചികിത്സാ, കുഷ്ഠചികിത്സാ, വാതവ്യാധിചികിത്സാ

കല്പസ്ഥാനം, വസ്തികല്പാദ്ധ്യായം. സിദ്ധവസ്തികല്പാദ്ധ്യായം.

ഉത്തരസ്ഥാനം, സ്നപനവിദ്ധ്യദ്ധ്യായം. പ്രത്യേകഗ്രഹപ്രതിഷേധം, തിമിരപ്രതിഷേധം, ലിംഗനാശപ്രതിഷേധം അക്ഷിപാകപില്ലപ്രതിഷേധം, വിഷപ്രതിഷേധം, സവ്വവിഷപ്രതിഷേധം, പ്രത്യേകലൂതാവിഷപ്രതിഷേധം, വിഷോപയോഗീയം, വാജീകരണം (ആകെ അദ്ധ്യായം—൩൦)

(ബി) ഉപപാഠങ്ങൾ. (൧) രസരത്നസമുച്ചയം, ൧൨-ാം അദ്ധ്യായം മുതൽ ൨൧-ാം അദ്ധ്യായാവസാനം വരെ ൧൦ അദ്ധ്യായം

(൨) ഹൃദയപ്രിയം, യോഗഖണ്ഡം ൧൨ അദ്ധ്യായം

(൩) ആയുവ്വേദ ചരിത്രം.

ചതുത്ഥഭാഗം:— (എ) പ്രധാനപാഠം — അഷ്ടാംഗഹൃദയം ഉത്തരസ്ഥാനം മുഴുവൻ.

(ബി) ഉപപാഠങ്ങൾ (൧) ചരകചികിത്സിതം ൭-ാം അദ്ധ്യായംമുതൽ ൩൦-ാം അദ്ധ്യായാവസാനംവരെ ൨൪ അദ്ധ്യായം.

(൨) രസരത്നസമുച്ചയം ൧-ാം അദ്ധ്യായം മുതൽ ൧൧-ാം അദ്ധ്യായാവസാനംവരെ ൧൧ അദ്ധ്യായം.

തൃതീയഭാഗം — (എ) പ്രധാനപാഠം — അഷ്ടാംഗഹൃദയം ചികിത്സിതം, കല്പം സ്ഥാനങ്ങൾ.

(ബി) ഉപപാഠങ്ങൾ (൧) ചരകചികിത്സാ ൩-ാം അദ്ധ്യായം മുതൽ ൬-ാം അദ്ധ്യായാവസാനംവരെ ൪ അദ്ധ്യായം

ദ്വിതീയഭാഗം — (എ) പ്രധാനപാഠം — അഷ്ടാംഗഹൃദയം, ശാരീരം, നിദാനം സ്ഥാനങ്ങൾ.

(ബി) (൧) ഉപപാഠങ്ങൾ സുശ്രുതശാരീരം ൧-ാം അദ്ധ്യായം മുതൽ ൧൦-ാം അദ്ധ്യായാവസാനംവരെ ൧൦ അദ്ധ്യായം.

(൨) ഹൃദയപ്രിയം, സന്നിപാതനിദാനചികിത്സ

(൩) ആയുവ്വേദവിജ്ഞാനീയം പ്രഥമഖണ്ഡം ൪൦-ാം അദ്ധ്യായംമുതൽ ൪൭ അവസാനം വരെ ൮ അദ്ധ്യായം.

പ്രഥമഭാഗം:— (എ) പ്രധാനപാഠം — അഷ്ടാംഗഹൃദയം സൂത്രസ്ഥാനം മുഴുവൻ

(ബി) ഉപപാഠങ്ങൾ (൧) ഹൃദയപ്രിയം ഔഷധകല്പം.

൨) ഭാവപ്രകാശം പഞ്ചമപ്രകരണം, മിശ്രവഗ്ഗം മുതൽ സന്ധാനവഗ്ഗംവരെ അദ്ധ്യായം ൨൦.

സുപ്രണ്ടണ്ട കൊട്ടാരം വൈദ്യൻ,
പരമേശ്വരൻ മൂത്തതു.

൧൧൦൪ മകരം ൨൩-

തിരുവനന്തപുരം പ്രിൻസിപ്പൽ ഡിസ്ത്രിക്ട മുൻസിപ്പുകൊട്ടിൽ നിന്നും ചെയ്യുന്ന പരസ്യം

൧൦൮൧-ാമാണ്ടത്തെ ൩-ം റെഗുലേഷനിലെയും അതു അനുസരിച്ചു ൧൦൮൨-ാമാണ്ടു ആടിമാസം ൧൬-നു- കല്പനപ്രകാരം ഹൈക്കോടതിയിൽ നിന്നും ഏൎപ്പെടുത്തീട്ടുള്ള റൂൾസിലെയും നിബന്ധനവഴിക്കുപ്രകാരം ൪-ം കോടതി വക താഴെ വിവരിക്കുന്ന നമ്പരുകളിലെ റിക്കാൎട്ടുകളും പ്രമാണങ്ങളും നശിപ്പിക്കുന്നതിനു തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നു ജനസമുദായത്തിന്റെ അറിവിലേക്കായി ഇതിനാൽ തിയ്യപ്പെടുത്തിയിരിക്കുന്ന പ്രമാണങ്ങളെ ഈ നോട്ടീസിനെ ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ഒരു വൎഷം കഴിഞ്ഞും മററു റിക്കാൎട്ടുകളെ ആറു മാസം കഴിഞ്ഞും നശിപ്പിക്കുന്നതാകകൊണ്ടു പ്രമാണങ്ങൾ തിരിച്ചു വാങ്ങിപ്പാൻ അൎഹതയുള്ള കക്ഷികളും റിക്കാൎട്ടുകളുടെ പകൎപ്പു കിട്ടണമെന്നു അപേക്ഷയുള്ളവരും മേൽപറഞ്ഞ അവധിക്കകം അതിലേക്കു അപേക്ഷിച്ചുകൊള്ളേണ്ടതാകുന്നു.

൧൦൮൩ ധനുമാസം ൨൨-നു-

മുൻസിപ്പു കല്യാണരാമയ്യൻ.

ആണ്ടു	നമ്പരുകൾ	നശിപ്പിക്കേണ്ട റിക്കാൎട്ടുകൾ	റിമാൎക്ക
൧൦൮൧	൧ മുതൽ ൭൩ വരെയും ൭൫ മുതൽ ൧൫൫ വരെയും ൧൫൭ മുതൽ ൧൬൯ വരെയും ൧൭൧ ൧൭൨ ൧൭൪ മുതൽ ൧൯൩ വരെയും ൧൯൫ മുതൽ ൨൩൫ വരെയും ൨൩൭ മുതൽ ൨൫൫ വരെയും ൨൫൭ മുതൽ ൨൬൮ വരെയും ൨൭൦ മുതൽ ൨൯൯ വരെയും ൩൦൧ മുതൽ ൩൪൯ വരെയും ൩൫൧ മുതൽ ൩൭൫ വരെയും ൩൭൭ മുതൽ ൪൦൦ വരെയും ൪൦൨ മുതൽ ൪൩൭ വരെയും ൪൩൯ മുതൽ ൪൫൦ വരെയും ൪൫൨ മുതൽ ൪൮൯ വരെയും ൪൯൧ ൪൯൨ മുതൽ ൫൧൯ വരെയും ഉള്ള സിവിൽ നമ്പരുകൾ	റൂൾസിൽ ൧൨-ം പാരായിൽ വ്യവസ്ഥചെയ്തിട്ടുള്ളതിനുപുറമെ സൂക്ഷിച്ചുവെക്കേണ്ടതാവശ്യമില്ലാത്തതായ അന്യായങ്ങൾ പത്രികകൾ അസല്വായിദാകൾ മൊഴികൾ മുതലായ പലവക റിക്കാൎട്ടുകൾ	വിട്ടുപോയിട്ടുള്ള നമ്പരുകൾ അന്യകോടതികളിലേക്കു അയക്കുകയോ മററൊ ചെയ്യപ്പെട്ട റിക്കാൎട്ടുകൾ ആകുന്നു

൧൦൭൩ ൽ ൫൭-ാം നമ്പർ

കൊല്ലം ഡിവിഷൻ അസിസ്റ്റൻറു കച്ചേരിയിൽ നിന്നും ൧൦൭൩ മാണ്ടത്തെ
൩-ാം റെഗുലേഷൻ ൬-ാം വകുപ്പുപ്രകാരം ചെയ്യുന്നതു പരസ്യം

ആലപ്പുഴ വാടക്കനാറു പരിഷ്കാരമായി വെട്ടുന്ന വകക്കു താഴെ പറയുന്ന വസ്തുക്കൾ ഗവർമ്മേൻറിൽ നിന്നും കൈവശപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ആ വസ്തുക്കളിന്മേലുള്ള എല്ലാ ബാദ്ധ്യതകൾക്കും കൂടിയുള്ള പ്രതിഫലത്തിനുള്ള അവകാശങ്ങളെ ബാദ്ധ്യതയുള്ള ആളുകൾ തന്നെയൊ കാര്യസ്ഥൻ മുഖാന്തരമൊ സകല തെളിവുകളോടു കൂടി ഈ മാസം ൨൫-ാംനു-ക്കകം കൊല്ലത്തു ഈ കച്ചേരി മുമ്പാകെ ഹാജരായി കാര്യവിവര പത്രിക ബോധിപ്പിച്ചുകൊള്ളണം. ആ പത്രികകളിൽ ഓരോരുത്തർക്കും ഈ വസ്തുക്കളിന്മേലുള്ള ബാദ്ധ്യതകളുടെ സ്വഭാവത്തേയും ആ വിധം ബാദ്ധ്യതകൾക്കു വേണ്ട പ്രതിഫലത്തിനുള്ള അവരുടെ അവകാശത്തിന്റേയും വിവരങ്ങളേയും പ്രതിഫല തുകയേയും വിവരിച്ചിരിക്കേണ്ടതാകുന്നു.

എന്നു ൧൦൭൩ മാണ്ടു മകരമാസം ൮-നു

ഡിവിഷൻ അസിസ്റ്റൻറു,
എൻ. രാജാരാമരായർ

വസ്തുക്കളുടെ വിവരം.

ആലപ്പുഴ പകുതിയിൽ സർവെ ൮൧൯/൧ ബി നമ്പരിൽപ്പെട്ട പണ്ടാര വക പാട്ടം പുരയിടത്തിൽ നിന്നും ൭ സെൻറു സ്ഥലവും വൃക്ഷങ്ങളും സർവെ ൮൧൯/൨-ാം നമ്പരിൽപ്പെട്ട ടി ഇനം പുരയിടത്തിൽ നിന്നും ൨൫ സെൻറു സ്ഥലവും വൃക്ഷങ്ങളും ആകുന്നു.

൧൦൭൩ ലെ പൊന്നാംവില ൧൩൨-ാം നമ്പർ

കൊല്ലം ഡിവിഷൻ അസിസ്റ്റൻറ കച്ചേരിയിൽ നിന്നും ൧൦൬൭ മാണ്ടത്തെ
൩-ാം റെഗുലേഷൻ ൬-ാം വകുപ്പുപ്രകാരം ചെയ്യുന്ന പരസ്യം

തിരുവല്ലാ പെൺപള്ളിക്കൂടം കെട്ടുന്ന വകക്കു താഴെ പറയുന്ന വസ്തു ഗവർൺമേൻറിൽ നിന്നും കൈവശപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ആ വസ്തുവിന്മേൽ ഉള്ള എല്ലാ ബാദ്ധ്യതകൾക്കും കൂടിയുള്ള പ്രതിഫലത്തിനുള്ള അവകാശങ്ങളെ ബാദ്ധ്യതയുള്ള ആളുകൾ തന്നെയൊ കാര്യസ്ഥൻ മുഖാന്തരമൊ സകല തെളിവുകളോടുകൂടി ഈ മാസം ൨൦-നു-ക്കകം കൊല്ലത്തു ഈ കച്ചേരി മുമ്പാകെ ഹാജരായി കാര്യവിവരപ്പത്രിക ബോധിപ്പിച്ചു കൊള്ളണം ആ പത്രികയിൽ ഓരോരുത്തർക്കും ഈ വസ്തുവിന്മേൽ ഉള്ള ബാദ്ധ്യതയുടെ സ്വഭാവത്തേയും ആ വിധം ബാദ്ധ്യതകൾക്ക വേണ്ട പ്രതിഫലത്തിനുള്ള അവരുടെ അവകാശത്തിന്റേയും വിവരങ്ങളേയും പ്രതിഫലത്തുകയേയും വിവരിച്ചിരിക്കേണ്ടതാകുന്നു എന്നു

൧൦൭൩ മാണ്ടു മകരമാസം ൯-നു

ഡിവിഷൻ അസിസ്റ്റൻറ
എൻ. രാജാരാമരായർ.

വസ്തു വിവരം

തിരുവല്ലാ പകുതിവക സർവെ ൧൦൩൫ / ൬൦ എ. നമ്പരിൽ പെട്ട പണ്ടാരവക പാട്ടം കൊട്ടാരത്തിൽ പുരയിടത്തിൽ നിന്നും ൪൬ സെൻറ സ്ഥലവും അവിടെ നില്പുള്ള വൃക്ഷങ്ങളും കെട്ടിടവും ആകുന്നു.

Notification under Section 6 of Regulation III of 1067

Whereas the Government have resolved to acquire the properties required for the construction of a 3rd class Anchal office at Malayattur, and mentioned in the subjoined schedule the owners and other persons claiming any interest in the properties are hereby called upon to appear either personally or by authorised agent before the undersigned within 15 days from date of publication of this notice in the Government Gazette and put in written statements showing the nature of their respective interests in the property, particulars of their claim to compensation for such interests and the amount of compensation which they may claim.

Dewan Peishkar's Office,
Kottayam,
27th January 1908

N. SUBRAHMANYA IYER,
Dewan Peishkar

Particulars of the property.

Serial No	Property which lies in			Name of the property.	Property to be acquired.			Name of Registry holder.	Name of person in possession.
	Taluk	Proverthy	Kara		Nature of tenure.	Lekkom			
	Kunnathunad	Cheranallur	Kurichilakode	Kunnathparakuly	Pandaravaga Puduval Pattom	Nil	301 1/2	Rotha Thruthia of Nezhumvankal parambu, Kurichilakode Kara	Rotha and Mariam

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും ൧൦൬൭ലെ ൩-ാം റെഗുലേഷൻ ൬-ാം വകുപ്പു പ്രകാരം ചെയ്യുന്ന പരസ്യം എന്തെന്നാൽ.

൧. മലയാറ്റൂർ ഒരു മൂന്നാംക്ലാസു അഞ്ചൽ ആഫീസു പണിക്കു ഉപയോഗമായി താഴെ പട്ടികയിൽ പറയുന്ന ഭൂമിയെ ഗവൺമെണ്ടിൽ നിന്നും കൈവശപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

൨. ആ ഭൂമിയിന്മേലുള്ള എല്ലാ ബാദ്ധ്യതകൾക്കും കൂടിയുള്ള പ്രതിഫലത്തിനു് അവകാശങ്ങളേയും ബാദ്ധ്യതയുടെ സ്വഭാവത്തേയും അങ്ങിനെ അവകാശവും ബാദ്ധ്യതയുമുള്ള ആളുകൾ താൻ തന്നെയോ കാര്യസ്ഥൻ മുഖാന്തിരമൊ പരസ്യം പ്രസിദ്ധപ്പെടുത്തുന്ന തിയ്യതി മുതൽ ൧൫ ദിവസത്തിനകം നമ്മുടെ മുമ്പാകെ ഹാജരായി ബോധിപ്പിച്ചു കൊള്ളേണം.

൩. ആ അപേക്ഷയിൽ ഓരോരുത്തർക്കും കിട്ടേണ്ടുന്ന പ്രതിഫലത്തിനുള്ള അവരുടെ അവകാശത്തിന്റെ വിവരങ്ങളും പ്രതിഫല സംഖ്യയും വ്യക്തമായി വിവരിച്ചിരിക്കേണ്ടതാകുന്നു.

വസ്തു വിവരം

നമ്പർ	വസ്തുകിടക്കുന്ന താലൂക്ക	പ്രവൃത്തി	മുറി	വസ്തുവിന്റെ പേര	എടുക്കുന്ന സ്ഥലത്തിന്റെ ഇനം	ലക്കം	പൈതകം	...രിൽ പതിവുകാരന്റെ പേര	വസ്തു അനുഭവക്കാരുടെ പേർ
൧	കുന്നത്തുനാട	ചേരാനല്ലൂർ	കുറിച്ചിലക്കോട്ട	കുന്നത്തു പറക്കാട്ടി പറമ്പിടം	പണ്ടാരവക പുതുവൽ പാട്ടം	[illegible]	[illegible]	കുറിച്ചിലക്കോട്ട കരയിൽ തെഴുവങ്കൽ പറമ്പിൽ രാമൻ ഉതിയ	റോതയും മറിയവും

ദിവാൻ പെഷ്കാർ,
[illegible] ജനുവരി [illegible]- നാരായണയ്യന സുബ്രഹ്മണ്യയ്യൻ.

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ചങ്ങനാശ്ശേരി താലൂക്കിൽ [illegible] വാഴപ്പള്ളിക്ഷേത്രത്തിൽ വച്ചു [illegible] മാണ്ടു മീന [illegible] മുതൽ നടത്തിപ്പാനുള്ള ഉത്സവം അടിയന്തിരത്തിനു വെററിലപാക്കുകൾ കുത്തകയായി ഏല്പിക്കുന്നതിനു കുംഭമാസം ൨൦-ാം തീയതി [illegible] ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഓരോരുത്തരും [illegible] ഡെപ്പാസിറ്റു വെക്കാതെ ലേലത്തിൽ [illegible] അവകാശികളല്ലാ. [illegible] ഏല്പ്പെടുന്നവരുടെ മേൽ [illegible] ഗവർമ്മെണ്ടു അനുവാദപ്രകാരം ലേലം സ്ഥിരപ്പെടുത്തി [illegible] ജാമ്യവും ലേലക്കാരന്റെ ചിലവിന്മേൽ ഉടമ്പടിയും വെപ്പിച്ചു കുത്തക കൊടുക്കുന്നതും അടിയന്തിരം കഴിഞ്ഞു [illegible] പണം കൊടുപ്പിക്കുന്നതും ആകുന്നു.

[illegible] ഡെപ്പാസിറ്റു [illegible] ലേലം സ്ഥിരപ്പെടുന്നവരുടെ [illegible] ഉപയോഗപ്പെടുത്തുകയും ശേഷം [illegible] ഡെപ്പാസിറ്റു [illegible] തിരിയെ കൊടുക്കുകയും ചെയ്യുന്നതാകുന്നു. [illegible] പിടിച്ച [illegible] വെക്കാത്തതിനാൽ [illegible] ത്തിലെ [illegible] ഡെപ്പാസിറ്റു [illegible] സംഖ്യ [illegible] കൂട്ടിക്കുന്നതു കൂടാതെ [illegible] ചെയ്തു [illegible] നത്തിക്കുന്നതിനു [illegible] കൂടിയ [illegible] നിന്നും ഈടാക്കുന്നതാണ്.

൧൦൮൫ മാണ്ടു മകരമാസം [illegible]-

ദിവാൻ പെഷ്കാർ നാരായണയ്യന സുബ്രഹ്മണ്യയ്യൻ,
[illegible] കെ. [illegible]

POSTAL NOTICE.

1. The following statement shows the post offices newly opened in the Madras Circle, during the quarter ending the 31st December 1907 and on the 1st January 1908.

Division.	Name of the post office.	Class.	Head Office.	District.	Date of opening.	REMARKS.
Coimbatore	Agricultural College Coimbatore.	S	Coimbatore	Coimbatore	1-1-08	
	Dharapuram Bazaar.	B	do.	do.	,,	No delivery office.
	Kolumam	B	do.	do.	,,	
	Masnigudi	B	Ootacamund	Nilgiri	,,	Conversion of S. O. into B. O.
	Karur R. S.	S	Coimbatore	Coimbatore	,,	No delivery office.
	Erode R. S.	S	do.	do.	,,	do.
Cuddalore	Kamalapuram	B	Negapatam	Tanjore	,,	
	Nallur	B	Cuddalore	South Arcot	,,	
Godavari	Jegurupadu	B	Rajahmundry	Godavari	,,	
	Kajalur	B	Cocanada	do.	,,	
	Maruter	S	Rajahmundry	Kistna	,,	Conversion of B. O. into S. O.
Guntur	Ayyavari Rudravaram.	B	Masulipatam	do.	,,	
	Dandamudi	B	Guntur	Guntur	,,	
	Jagarlamudy	B	do.	do.	,,	
	Kolavennu	B	Masulipatam	Kistna	,,	
	Morrispeta	S	Guntur	Guntur	,,	
	Pedavadlapudi	B	do.	do.	,,	
	Satyanarayanapuram Agraharam	B	do.	do.	,,	No delivery office.
Madura	Karuthavurani	B	Ramnad	Madura	,,	do.
	Velipatnam	B	do.	do.	,,	do.
	Yernvadi	B	do.	do.	,,	
	Top Station (Ellappatti.	B	Madura	do.	,,	
Mysore	Hindalballi	B	Hassan	Hassan	,,	
Shimoga	Bikonhalli	B	Shimoga	Shimoga	,,	
Tinnevelly	Pudupet-Palamcottah.	B	Palamcottah	Tinnevelly	,,	do.
	Samadanapuram	B	do.	do.	,,	do.
	Uppattur	B	Tuticorin	do.	,,	
Travancore	Mathilakom	B	Cochin	Cochin	,,	
Trichinopoly	Clavur	B	Trichinopoly	Padukottah	,,	
	Harildranathi	B	Tanjore	Tanjore	,,	No delivery office.
Vellore	Arni Bazaar	B	eVllore	North Arcot	,,	do.
	Mukundarayapuram.	B	do.	do.	,,	
	Amtur Bazaar	B	do.	do.	,,	do.
	Arcot Kasba	B	do.	do.	,,	do.
	Tupekhana	B	do.	do.	,,	do.
Vizagapatam	Aska Sugar Factory	S	Berhampore	Ganjam	,,	do.
West Coast	Bolmaa	B	Mangalore	South Canara	,,	

2. The following statement shows the changes made in the names of post offices in the Madras Circle during the quarter ending the 31st December 1907 and on the 1st January 1908.

Division.	Old name of the post office.	New name of the post office.	Class.	Head Office.	District.	Date of effect.	REMARKS.
Cuddalore ...	Puducheri ...	Avarni Puducheheri	B	Negapatam ...	Tanjore ...	1-11-07	
East Coast ...	Marripaud ...	Chinnamachanura	B	Nellore ...	Nellore ...	1-12-07	
Do. ...	Places' Garden ...	Perambakam ...	B	Chingleput ...	Chingleput ...	1-11-07	
West-Coast ...	Chirrattukara ...	Pavaratti ...	B	Calicut ...	Malabar ...	"	

I.—The Banakal B. O. under the Chickmagalur H. O. was re-opened from the 1st November 1907.
II. The Jagannathapuram B. O. under the Berhampore H. O., was temporarily closed from 8th November 1907 for want of a suitable agent.
III. The Alaputhur B. O. (Experimental under the Pondicherry H. O. was closed from the 31st December 1907.
IV.—The Krustnarampalem B. O. under the Masulipatam H. O. was closed from 1st January 1908.

3. The branch offices named in column 1 of the statement below will be transferred to the account jurisdictions of the offices named in column 2 with effect from the dates noted against each.

Name of Branch Office. 1	Name of H. O. or S. O. with which the B. O. will be newly placed in account. 2	Date of effect. 3
Adukamangalam	Tiruvalur	1-11-07
Alvarkurchi	Ambasamudram	10-12-07
Ammapet	Tanjore	1-11-07
Ammayappan	Tiruvalur	1-11-07
Chundalur	Donakonda R. S.	1-1-08
Jedarpalaiyam	Kodumudi	1-1-08
Kinathukadavu	Podanur	1-1-08
Kulikarai	Tiruvalur	1-11-07
Kannadur-Ayampalayam	Kodumudi	1-1-08
Kurichedu	Donakonda R. S.	1-1-08
Kutanur	Tiruvalur	1-11-07
Mukundanur	Do.	"
Puppankulam	Ambasamudram	10-12-07
Sivagiri	Kodumudi	1-1-08
Tartapadu	Donakonda R. S.	
Ukkadai...	Tanjore	1-11-07
Unjalur	Kodumudi	1-1-08
Vadakipolirm	Podanur	"
Vadakupudupalaiyam	Kodumudi	..

നമ്പർ ൨൭

കന്നത്തൂർ ൨-ാം ക്ലാസ്സ മജിസ്ത്രേട്ടു കോടതിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

ഉപയോഗമില്ലാത്ത റിക്കാട്ടുകൾ നശിപ്പിക്കുന്ന വകക്കു ൧൦൭൭-ാമാണ്ടു വക ൩-ാം റിഗ്ഗുലേഷനിലേയും ൧൦൭൭-ാമാണ്ടു കർക്കടകമാസം ൧-ാം൹ കല്പനപ്രകാരം ഹൈക്കോടതിയിൽ നിന്നും ഏർപ്പെടുത്തിയിട്ടുള്ള റൂൾസിലേയും നിബന്ധനകൾ പ്രകാരം ഈ കോടതി വക താഴെ വിവരിക്കുന്ന റിക്കാട്ടുകളെ നശിപ്പിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നു ജനസമുദായത്തിന്റെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. മുൻ പ്രമാണങ്ങളും മറ്റു അസ്സൽ ആധാരങ്ങളും ഈ നോട്ടീസു ഗവർമ്മെന്റു ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ഒരു വർഷവും മറ്റു റിക്കാട്ടുകളെ ആറു മാസം കഴിയുന്നതിനു മുമ്പെ നശിപ്പിക്കപ്പെടുന്നതാകകൊണ്ടു അസ്സൽ പ്രമാണങ്ങളെ തിരിയെ വാങ്ങിപ്പാൻ താല്പര്യമുള്ള കക്ഷികളും മറ്റു റിക്കാട്ടുകളുടെ പകർപ്പു കിട്ടണമെന്നു അപേക്ഷയുള്ളവരും മേൽപ്പറഞ്ഞ അവധിക്കകം ബോധിപ്പിച്ചുകൊള്ളേണ്ടതും ആകുന്നു എന്നു

൧൦൮൩ മകരം ൫൹

൨-ാം ക്ലാസ്സ മജിസ്ത്രേട്ടു കെ. രാമൻതമ്പി.

ആണ്ടു	രജിസ്റ്ററിലുള്ള കേസുകളുടെ നമ്പരുകൾ	നശിപ്പിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള റിക്കാട്ടുകളുടെ വിവരം	റിമാർക്കു
൧൦൭൯	൧ മുതൽ ൩൯ വരേയും ൪൧ മുതൽ ൧൨൭ വരേയും ൧൨൯ മുതൽ ൨൦൧ വരേയും ൨൦൩-ാം വരെ-ം നമ്പരുകൾ	റൂൾസ്സിൻപ്രകാരം സൂക്ഷിക്കുന്നതിനു ആവശ്യപ്പെടാത്തതായ അന്യായ ഹർജികൾ കരച്ചാത്തുകൾ സാക്ഷിമൊഴികൾ പ്രതിമൊഴികൾ വക്കാലത്തുകൾ ചാർജ്ജുകൾ പ്രാസ്സസ്സുകൾ പലവക ഹർജികൾ അതു സംബന്ധിച്ച മറ്റു റിക്കാട്ടുകൾ റിഫർ ചാർജ്ജുകൾ ഫയൽ ഒഴികെയുള്ള മറ്റു സകല നടപടി ബുക്കുകളും	വിട്ടിട്ടുള്ള നമ്പരുകൾ അന്യ കോടതികളിലേക്കു മാറ്റിയും കമ്മിറ്റു ചെയ്തും ഉള്ളതാകുന്നു
൧൦൮൦	ഫയൽ ൨൭-ാം നമ്പർ	അന്യായം പ്രാസ്സസ്സുകൾ വക്കാലത്തുകൾ ഹർജികൾ മുതലായവ	കൊല്ലം ൧-ാം ക്ലാസ്സ മജിസ്ത്രേട്ടു കോടതിയിലേക്കു അയച്ചിട്ടുള്ളതാകുന്നു
൧൦൮൧	ഫയൽ ൩൪-ാം നമ്പർ	ടി	

Private Advertisement.

പരസ്യം.

കൊട്ടയം മുൻസിപ്പു കൊട്ടിൽ [illegible] ൽ സിവിൽ നമ്പർ [illegible].

വാദികൾ.

൧. മണർകാട്ടു പള്ളിയിൽ കത്തനാര പഴവുർ വറുഗീസു കത്തനാര.

൨. ടി ടി [illegible] കൊര [illegible] ഗീസു

പ്രതികൾ.

൧. മണർകാട്ടു [illegible] ദെവസ്വം അധികാരി മണർക്കാട്ടു വായ്യത്തു അച്ചുതൻ രാമവായ്യ [illegible]

മണർകാട്ടു പള്ളിയിലെക്കു ടി ദെവസ്വത്തിൽ നിന്നും കാണപ്പാട്ടം [illegible] കമ്പങ്കരി നിലം [illegible] ടി ദെവസ്വത്തിൽ നിന്നും കൊട്ടയം മുൻസിപ്പു കൊടതിയിൽ [illegible] സിവിൽ [illegible] നമ്പരായി സമ്പാദിച്ച വിധിയെ അസ്ഥിരപ്പെടുത്തി കിട്ടണ [illegible] ഇടവക പ്രതിനിധികളായി വാദികൾ വ്യവഹാരപ്പെട്ടിരിക്കുന്നതിനാൽ ഇതി [illegible] ടി ഇടവകക്കാരിൽ ആരെക്കെങ്കിലും തടസ്ഥം ഉണ്ടായിരുന്നാൽ ഈ വരുന്ന [illegible] ഹാജരായി ബൊധിപ്പിച്ചു കൊള്ളണം.

[illegible] മകരമാസം [illegible]

ഉത്തരവുപ്രകാരം,
ഹെഡ്ഗുമസ്താ പി. വി. വറുഗീസു.

ചെർപ്പാട്ടു മുൻസിപ്പുകൊട്ടിൽ
[illegible] സ്യൂട്ടു നമ്പർ [illegible].

വാദി.

ചെന്നിത്തല [illegible] മുറിയിൽ ചാലയിൽ നീലമനമഠത്തിൽ വിഷ്ണു [illegible].

പ്രതികൾ.

൧ [illegible] സെറ്റിൽമെൻറാപ്പീസിൽ അക്കൌണ്ടൻറു കൊല്ലം [illegible] വീട്ടിൽ [illegible] കൃഷ്ണൻ (൨) കന്നത്തൂർ സെററിൽമെൻറാപ്പീസിൽ അക്കൌ [illegible] കൊല്ലം കന്നമെരചെരിയിൽ [illegible] വീട്ടിൽ കണക്ക അയ്യപ്പൻ കൃഷ്ണൻ.

സിവിൽ നിയമം [illegible] വകുപ്പുപ്രകാരം പരസ്യം ചെയ്യുന്നതു.

ടി നമ്പരിൽ പ്രതികൾക്കു [illegible] സമൻ അയച്ചതിൽ മടങ്ങി വന്നിരിക്കുന്ന [illegible] താമസിക്കുന്ന [illegible] അറിയുന്നതിനു യാതൊരു മാർഗ്ഗവും ഇല്ലാത്തതിനാൽ [illegible] പരസ്യം ചെയ്യണമെന്നു വാദി [illegible] അപെക്ഷിച്ചിരിക്കുന്നതിനാൽ [illegible] വിചാരണക്കു [illegible] മാസം [illegible] മണിക്കു പ്രതികളൊ വക്കീലൊ [illegible] കൊട്ടിൽ ഹാജരായി [illegible] അപ്രകാരം ചെയ്യാതെയിരുന്നാൽ പ്രതികളെ [illegible] തീർച്ചപ്പെടുത്തുന്നതാകുന്നു.

[illegible] മകരം [illegible]

ഉത്തരവിൻപ്രകാരം ഹെഡ്ഗുമസ്താ കൃഷ്ണപിള്ള.

[illegible]

ആലപ്പുഴ സബ്ബ് രജിസ്ത്രാർ കച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

[illegible] കന്നമ്മെൽ കിഴക്കെ മുറിയിൽ നടുവിലെ [illegible] പുറമ്പിൽ തൊമ്മാ [illegible] എഴുതിയ ഒരു മരണ പത്രികയെ [illegible] കത്താവു [illegible] അധികാരപ്പെട്ടന്ന [illegible] തൊമ്മൻ വക്കി രജിസ്ത്രു ചെയ്തു കിട്ടുവാ [illegible] കച്ചേരിയിൽ [illegible] വിചാരണചെയ്തു തീർച്ചപ്പെടുത്തുവാൻ [illegible] ആകകൊണ്ടു [illegible] ആക്കെങ്കിലും [illegible] വിചാര [illegible] കച്ചേരിമുമ്പാകെ ഹാജരായി ബൊധിപ്പിച്ചുകൊള്ളെണ്ടതാകുന്നു എന്നു

[illegible]

മാണി നൈനാൻ,
സബ്ബ് രജിസ്ത്രാർ.

വക്കാലത്തു റദ്ദു ചെയ്യുന്നതിനുള്ള പരസ്യം

വക്കാലത്തു സാക്ഷ്യപ്പെടുത്തിയ ആണ്ടു മാസം തിയതി	വക്കാലത്തു കൊടുത്ത കക്ഷിയുടെ പെര	വക്കാലത്തു വാങ്ങിച്ച കക്ഷിയുടെ പെര	വക്കാലത്തു ഏതു സ്ഥലത്തു നടപ്പായി തന്ന എന്നു	[illegible]
൧൦൮൨ മെടം ൩൧-	തലയോലപ്പറമ്പു ദെവസ്വം ഉടയാണ്മ വടക്കുംകൂറു വകയിൽ തലയോലപ്പറമ്പു കരയിൽ മന്നാമ്പലത്തു നാരായണൻ കുമാരശമ്മൻമുതൽപേർ എഴുതി കൊടുത്ത പൊതുവക്കാലത്തിൽ കൃഷ്ണശമ്മൻമുതലിനെ സംബന്ധിച്ചു മാത്രം	കടുത്തുരുത്തി പ്രവൃത്തിയിൽ മാന്നാറുകരയിൽ [illegible] ഞാറക്കാട്ടു വീട്ടിൽ കൊതവമ്മൻ ഉണ്ണിത്തിരി	കൊട്ടയം ജില്ലാ ഡിസ്ത്രിക്ട് [illegible] സബ്ബകൊടതികളിൽ	൧൦൮൩ [illegible] ൨൦-

൧൦൮൩ മാണ്ടു മകരമാസം ൧൦ന-   നാരായണൻ കുമാരശമ്മൻ മുതലായ (ഒപ്പു)
കൊട്ടയം സബ്ബു രജിസ്ത്രാർ എം. രാമൻ. പിള്ള.

பரஸ்யம்.

[illegible] கம்பெனி (லிமிடெட்) [illegible]

மேற்படி கம்பெனி லிக்விடேட் செய்யப்பட்டிருக்கிற [illegible] கம்பெனியாருடைய [illegible] பொருட்டு 1083ம் மகரம் 17ந் தேதி சனிக்கிழமை பகல் 4 மணிக்கு [illegible] செய்யப்பட்டிருக்கிற [illegible] கம்பெனி [illegible] ஒரு மகாசபை கூடப்போகிறது.

1083—மகர—8 }
[illegible] }

G. Coelickan.
லிக்விடேட்டர்.

Advertisement.

I hereby give notice to the public that, as I am going away to my native place, Messrs. R. Leksimana Aiyer and K. S. Krishnaswami Aiyer are empowered to sign and transact all business connected with my P. R. M. L Bank and S. R. M. Company Ramaswamy Chetty. All papers signed by them and transacted by them from the 22nd Margali 1083 should be considered as done by me.

[illegible]
[illegible] கம்பெனி [illegible]

P. R. M. L. Bank and S. R. M. Company,
RAMASWAMI CHETTY.

Camp Alleppey, }
22nd Margali 1083, }
6th January 1908. }



൧൦൭൬-ാമാണ്ടത്തെ ൧-ാം റെഗുലേഷൻ ആയ തിരുവിതാംകോട്ടു രെജിസ്ത്രേഷൻ റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനായി താഴെ എഴുതിയിരിക്കുന്ന ബിൽ സംസ്ഥാനത്തെ നിയമനിർമ്മാണസഭയുടെ ജോലി നടത്തേണ്ടുള്ള ചട്ടങ്ങൾ ൩൭-ാം വകുപ്പനുസരിച്ചു സകല ജനങ്ങളും അറിയാനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

൧൦൭൬-ാമാണ്ടത്തെ ൧-ാം റെഗുലേഷൻ ആയ രെജിസ്ത്രേഷൻ റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

ആധാരങ്ങൾ രെജിസ്റ്റർ ചെയ്യുന്നതായ അസൽ പണി ഡിസ്ത്രിക്ട് രെജിസ്ത്രാർമാർക്കു കൊടുക്കുകയും ഡിസ്ത്രിക്ട് രെജിസ്ത്രാർ ഹെഡ്ക്വാട്ടേർസിൽ ഉള്ള മതിയായ പണിക്കു യോജ്യമായ വിധത്തിൽ ഡിസ്ത്രിക്ട് രെജിസ്ത്രാരുടെ പരിശോധനായാത്രകളെ ആവശ്യമായ തരത്തിനു ഉൾപ്പെടുത്തി കുറക്കുകയും ചെയ്തു ഹെഡ്ക്വാട്ടേർസിൽ ആധാരങ്ങൾ രെജിസ്റ്റർ ചെയ്യുന്നതിനായി ഒരു മേൽത്തരം ഉദ്യോഗസ്ഥന്മാരെ ജനിപ്പിച്ചും റെഗുലേഷനിൽ മറ്റു ചില ചില്ലറ ഭേദഗതികൾ ചെയ്തും ൧൦൭൬-ാമാണ്ടത്തെ ൧-ാം റെഗുലേഷൻ ആയ രെജിസ്ത്രേഷൻ റെഗുലേഷനെ ഭേദപ്പെടുത്തേണ്ടതു യുക്തം ആയിരിക്കകൊണ്ടു ഇതിനാൽ നിയമപ്പെടുത്തുന്നതു എന്തെന്നാൽ:—

൧. ഈ റെഗുലേഷൻ തിരുവിതാംകോട്ടു സംസ്ഥാനത്തിലെ രെജിസ്ത്രേഷൻ റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള മാണ്ടത്തെ ാം റെഗുലേഷൻ എന്നു വിളിക്കപ്പെടുന്നതാകുന്നു.

൨. താഴെ എഴുതിയിരിക്കുന്നതിനെ ൬-ാം വകുപ്പിൽ "ഇരിക്കേണ്ടതാകുന്നു" എന്ന പദത്തിനു അടുത്തു ചേർക്കണം.—

"നമ്മുടെ ഗവർമ്മെണ്ട് ഡിവിഷനിലെ ഹെഡ്ക്വാട്ടർസിൽ ഉള്ള വല്ല സബ് രെജിസ്ത്രാരുടെ ആഫീസിനെ വല്ല രെജിസ്ത്രാരുടെയും ആഫീസും ആയി ചേർത്തു ചേർപ്പിക്കാവുന്നതാകുന്നു; അങ്ങനെ ചെയ്യുമ്പോൾ ആ രെജിസ്ത്രാർ ആ ഡിസ്ത്രിക്ടിലെ രെജിസ്ത്രാരായി താൻ ചെയ്യേണ്ടതായ ജോലികളോടുകൂടി ആ സബ് ഡിസ്ത്രിക്ടിലെ സബ് രെജിസ്ത്രാരുടെ എല്ലാ അധികാരങ്ങളേയും ജോലികളേയും ആ സബ് ഡിസ്ത്രിക്ടിൽ നടത്തേണ്ടതാകുന്നു."

൩. ൭-ാം വകുപ്പിൽ ൨-ാം ഖണ്ഡത്തിൽ "രെജിസ്ത്രേഷൻ ഡയറക്ടരുടെ ഉത്തരവു വരുന്നതുവരെ ആ സ്ഥലത്തെ സബ് രെജിസ്ത്രാർ ആ ഉദ്യോഗം വഹിക്കേണ്ടതാകുന്നു" എന്ന പദങ്ങളെ വിട്ടുകളഞ്ഞു തൽസ്ഥാനത്തു താഴെ എഴുതിയ വാക്യത്തിനെ ചേർക്കുകയും ചെയ്യണം.

"രെജിസ്ത്രേഷൻ ഡയറക്ടർ ഇതിലേക്കായി നിയമിക്കുന്ന യാതൊരുവൻ അങ്ങനെ ഹാജരാകാതിരിക്കുന്ന കാലത്തിലോ ആ ഒഴിവിലേക്കു നമ്മുടെ ഗവർമ്മെണ്ടാൽ ആളെ നിയമിക്കുന്നതുവരെയോ രെജിസ്ത്രാർ ആയി ഇരിക്കുന്നതാകുന്നു. ൦ ഖണ്ഡം അനുസരിച്ചു രെജിസ്ത്രേഷൻ ഡൈറക്ടർ നിയമിക്കുന്ന എല്ലാ നിയമനങ്ങളേയും നമ്മുടെ ഗവർമ്മെണ്ടിലേക്കു റിപ്പോർട്ട് ചെയ്യേണ്ടതാകുന്നു."

൪. ൻ-ാം വകുപ്പിലെ ൩-ാം ഖണ്ഡത്തിൽ "ആധാരങ്ങൾ" എന്ന പദത്തിനു മുമ്പിൽ "ഓരോ ഡിസ്ത്രിക്ടിലും" എന്നും "എല്ലാ രെജിസ്റ്റർ കച്ചേരികളിലും" എന്ന പദങ്ങൾക്കു മുമ്പിൽ "ആ ഡിസ്ത്രിക്കിലെ" എന്നും ചേർക്കണം.

൫. ൧൦-ം വകുപ്പിൽ (എ) ഖണ്ഡത്തിനു പകരം "ഉടമസ്ഥത മുതലിനെ സംബന്ധിച്ചുള്ള ദാനപത്രമോ ട്രസ്റ്റ് എന്ന തിയോ പരസ്പര മാറ്റയാധാരമോ" എന്നു ചേർക്കയും ൧൦-ം വകുപ്പിൽ 'എ ഖണ്ഡം' 'ബി ഖണ്ഡം' 'സി ഖണ്ഡം' എന്നു പറഞ്ഞിരിക്കുന്നേടങ്ങളിൽ എല്ലാം അവയെ 'ബി ഖണ്ഡം' 'സി ഖണ്ഡം' 'ഡി ഖണ്ഡം' എന്നു ആക്കുകയും ചെയ്യണം.

(ബി) എന്ന പുതിയ ഖണ്ഡത്തിൽ "ഉയിൽ പത്രം അല്ലാതെ" എന്നതിനു മുമ്പിൽ 'മററു' എന്നു ചേർക്കണം.

൬. ൧൨-ം വകുപ്പിൽ ൪-ം വരിയിൽ "രണ്ടു ശരിപകർപ്പും" എന്നതിനെ "ഒരു ശരിപകർപ്പും" എന്നു ആക്കണം.

൭. ൧൪-ം വകുപ്പിൽ ഒടുവിലത്തെ വരിക്കു മുമ്പിൽ ഉള്ള വരിയിൽ "സബ് രെജിസ്ത്രാർക്കും" എന്നതിനു പകരം "രെജിസ്ത്രാർക്കോ സബ് രെജിസ്ത്രാർക്കോ" എന്നും "സബ് ഡിസ്ത്രിക്ടിലെ" എന്നതിനു പകരം "ആഫീസിലെ" എന്നും ചേർക്കണം.

൮. ൧൫-ം വകുപ്പിൽ ൬-ം വരിയിൽ 'മുഴുവനും ഒരു' എന്നു തുടങ്ങി ൯-ം വരിയിൽ "സബ് രെജിസ്ത്രാർക്കും" എന്നതുവരെ ഉള്ള പദങ്ങൾക്കു പകരം "മുഴുവനുമോ അതിൽ വല്ല ഭാഗമോ ഏതു സബ് ഡിസ്ത്രിക്തിൽ കിടക്കുന്നുവോ ആ സബ് ഡിസ്ത്രിക്ടിലെ രെജിസ്ത്രാർക്കോ സബ് രെജിസ്ത്രാർക്കോ" എന്നു ചേർക്കണം.

൯. ൧൬-ം വകുപ്പിൽ ൩-ം വരിയിൽ "സബ് രെജിസ്ത്രാരുടെ" എന്നതിനു പകരം "രെജിസ്ത്രാരുടെയോ സബ് രെജിസ്ത്രാരുടേയോ" എന്നു ചേർക്കണം.

൧൦. ൨൨-ം വകുപ്പിൽ ൩-ം വരിയിൽ "സബ് രെജിസ്ത്രാരുടെ" എന്നതിനു പകരം "രെജിസ്ത്രാരുടേയോ സബ് രെജിസ്ത്രാരുടേയോ" എന്നും, ൫-ം വരിയിൽ "സബ് രെജിസ്ത്രാർ" എന്നതിനു പകരം "മററു രെജിസ്ത്രാർ" എന്നും ചേർക്കണം.

൧൧. ൨൩-ം വകുപ്പിൽ "സബ് രെജിസ്ത്രാർ" എന്നതിനെ "രെജിസ്ത്രാർ" എന്നു ആക്കണം.

താഴെ എഴുതിയിരിക്കുന്നതിനെ ൨൪-ം വകുപ്പിലെ ൨-ം ഖണ്ഡമായി ചേർക്കണം:—

"ഏതു രെജിസ്ത്രാരും തനിക്കു കീഴായുള്ള വല്ല സബ് രെജിസ്ത്രാരാലും രെജിസ്തർ ചെയ്യപ്പെടാവുന്നതായ ഏതു ആധാരത്തേയും സ്വീകരിക്കയും രെജിസ്തർചെയ്കയും ചെയ്യാം.

൧൨. ൨൫-ം വകുപ്പിൽ ൧-ം വരിയിൽ "അതിന്റെ ഒരു ശരിപകർപ്പോടു കൂടി ഇരിക്കേണ്ടതും" എന്ന പദങ്ങളെ വിട്ടുകളയണം.

൧൩. ൨൬-ം വകുപ്പിന്റെ ഒടുവിൽ താഴെ എഴുതിയിരിക്കുന്ന ഖണ്ഡത്തെ ചേർക്കണം —

"എന്നാൽ ആ ഉദ്യോഗസ്ഥൻ ഒരു രെജിസ്ത്രാർ ആയിരിക്കുന്നിടത്തിൽ ൬-ം റെഗുലേഷനിലെ ൧൯-ം ഭാഗത്തിൽ വിധിച്ചിരിക്കുന്ന നടപടിയെ അനുസരിക്കേണ്ടതാകുന്നു".

൧൪. ൩൩-ം വകുപ്പിൽ "സബ് രെജിസ്ത്രാരുടെ" എന്നതിനു പകരം "രെജിസ്ത്രാരുടേയോ സബ് രെജിസ്ത്രാരുടേയോ" എന്നു ചേർക്കയും, "ഒരു ശരിപകർപ്പോടുകൂടി" എന്ന പദങ്ങളെ വിട്ടുകളകയും ചെയ്യണം.

൧൫. ൩൯-ം വകുപ്പിൽ ൩-ം വരിയിൽ "സബ് രെജിസ്തർ" എന്ന പദത്തിനു പകരം "രെജിസ്ത്രേഷൻ" എന്നു ചേർക്കണം, ൧൦-ം വരിയിൽ "൧-ം പുസ്തകവും ൩-ം പുസ്തകവും കൂടാതെ" എന്ന പദങ്ങളെ വിട്ടുകളയണം, ൧൭-ം വരിയിൽ "ആധാരങ്ങളേയും" എന്നതിനു അടുത്തു "മെമ്മോറാണ്ഡങ്ങളേയും" എന്നു ചേർക്കണം.

൧൬. ൪൩-ം വകുപ്പിൽ ൩-ം വരിയിൽ "പകർപ്പിനെ" എന്നതിനു പകരം "മെമ്മൊറാണ്ഡത്തെ" എന്നു ചേർക്കണം.

൧൭. ൪൬-ം വകുപ്പിൽ ൨-ം ഖണ്ഡത്തിൽ ൧-ം വരിയിലും, ൩-ം ഖണ്ഡത്തിൽ ൧-ം വരിയിലും "പകർപ്പു" എന്നതിനു പകരം "മെമ്മൊറാണ്ഡം" എന്നു ചേർക്കണം.

൧൮. ൪൮-ം വകുപ്പിൽ ൨-ം വരിയിൽ "രെജിസ്തർചെയ്യുന്ന ഉദ്യോഗസ്ഥന്മാർ" എന്നതിനു പകരം "സബ് രെജിസ്ത്രാർമാർ" എന്നു ചേർക്കണം. "രെജിസ്ത്രേഷൻ ഡൈറക്ടരുടെ" എന്ന പദത്തിനു പകരം "താൻ ഏതു രെജിസ്ത്രാർക്കു കീഴ്പെട്ടിരിക്കുന്നുവോ ആ രെജിസ്ത്രാരുടെ" എന്നും ൩-ം വരിയിൽ "ഡൈറക്ടരുടെ" എന്നതിനു പകരം "രെജിസ്ത്രാരുടെ" എന്നും ചേർക്കണം.

൧൯. ൫൩-ം വകുപ്പിനെ മുഴുവനും വിട്ടുകളയണം.

൨൦. ൧൨-ം ഭാഗത്തിൽ (സി) അംശത്തിൽ ഉള്ള തലക്കെട്ടിൽ "സബ് രെജിസ്ത്രാരുടെ" എന്നതിനു പകരം "രെജിസ്ത്രാരുടെയും സബ് രെജിസ്ത്രാരുടേയും" എന്നു ചേൎക്കണം.

൨൧. ൩൯-ം വകുപ്പിൽ ൩-ം വരിയിൽ "സബ് രെജിസ്ത്രാരും" എന്നതിനു മുമ്പിൽ "രെജിസ്ത്രാർ അല്ലെങ്കിൽ" എന്നും ൬-ം വരിയിൽ "സബ് രെജിസ്ത്രാർമാരിൽ" എന്നതിനു മുമ്പിൽ "രെജിസ്ത്രാർമാരിൽ അല്ലെങ്കിൽ" എന്നും ചേൎക്കണം.

൨൨. ൩൦-ം വകുപ്പിൽ ൭-ം വരിയിൽ "സബ് രെജിസ്ത്രാർക്ക" എന്നതിനു മുൻപായി "രെജിസ്ത്രാർ അല്ലെങ്കിൽ" എന്നും, "സബ് രെജിസ്ത്രാർ" എന്നതിനു മുമ്പിൽ "രെജിസ്ത്രാർ അല്ലെങ്കിൽ" എന്നും ചേൎക്കണം.

൨൩. ൩൨-ം വകുപ്പിൽ ൬-ം വരിയിൽ "പുസ്തകങ്ങളും" എന്നതിനു മുമ്പിൽ "ഓരോ രെജിസ്ത്രേഷൻ ആഫീസിലും" എന്നു ചേൎക്കണം. ൧൨-ം വരിയിൽ "ക്രമപ്പെടുത്തുന്നതിനും" എന്ന പദം കഴിഞ്ഞു "രെജിസ്റ്ററിങ്ങ് ആഫീസർമാർ ആധാരങ്ങളുടെ മെമ്മോറാണ്ടങ്ങളെ ഉണ്ടാക്കുന്നതിനുള്ള ഫാറത്തെ ക്രമപ്പെടുത്തുന്നതിനും" എന്നു ചേൎക്കണം.

൨൪. ൩൪-ം വകുപ്പിൽ ൧-ം വരിയിൽ "കിട്ടുമ്പോൾ" എന്നതിനു പകരം "കിട്ടുമ്പോഴും തന്റെ മുൻപാകെ രെജിസ്റ്റർ ചെയ്യുന്നതിന്നായി ഹാജരാക്കപ്പെട്ടിരിക്കുന്ന ഒരു ആധാരത്തെ സംബന്ധിച്ചു ഒരു രെജിസ്ത്രാരുടെ മുൻപാകെ മുമ്പേ പറഞ്ഞതുപോലെ ആധാരം ഒപ്പിച്ചു കൊടുത്തിട്ടില്ലാ എന്നു പറയുന്ന സംഗതികളിലും" എന്നു ചേൎക്കണം.

൨൫. ൩൮-ം വകുപ്പിൽ ൨-ം ഖണ്ഡത്തിന്റെ ഒടുവിൽ താഴെ എഴുതിയിരിക്കുന്നതിനെ ചേൎക്കണം —

"രെജിസ്റ്റർ ചെയ്യുന്നതിന്നായി ഒരു രെജിസ്ത്രാരുടെ മുൻപാകെ ഹാജരാകുന്ന ഒരു ആധാരത്തിന്റെ സംഗതിയിൽ മേൽപറഞ്ഞ വകുപ്പുകളിൽ വിധിച്ചിരിക്കുന്ന നടപടികളെ അയാളും അനുവർത്തിക്കണം."

സാദ്ധ്യകാൎയ്യവിവരണം.

ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ൧൦൭൦-മാണ്ടത്തെ ൨-ം റെഗുലേഷൻ ആയ തിരുവിതാംകോട്ടു രജിസ്ത്രേഷൻ റെഗുലേഷൻ, ൧൮൭൭-ം വർഷത്തിലെ ൧൨-ം നമ്പർ ആക്ടിനാൽ ഭേദപ്പെടുത്തപ്പെട്ട ൧൮൬൬-ം വർഷത്തിലെ ൩-ം നമ്പർ ഇൻഡ്യൻ ആക്ടിനെ അനുസരിച്ചു മുഖ്യമായി ഉണ്ടാക്കപ്പെട്ടതാകുന്നു എന്നു വരികിലും അതിൽ നിന്നു ചില പ്രധാന വ്യത്യാസങ്ങളും ഉണ്ടായിരിക്കുന്നു. അവയാവിതു, ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിൽ ഡിസ്ത്രിക്ട് രജിസ്ത്രാർ [illegible] ആഫീസിൽ ഉള്ള സബ ഡിസ്ത്രിക്ടിൽ ആധാരങ്ങൾ രജിസ്റ്റർചെയ്യുന്ന പണിയും ഡിസ്ത്രിക്ടിലെ മറ്റു പ്രദേശങ്ങളെ സംബന്ധിച്ചു ഒരു രെജിസ്ത്രാരുടെ അധികാരങ്ങളും നടത്തുന്നതിനു വ്യവസ്ഥചെയ്തിട്ടുണ്ട്. ഈ നടപ്പു മദ്രാസ് പ്രസിഡെൻസിയിൽ [illegible] വാസ്തവത്തിൽ നടന്നു വരുന്നും ഉണ്ടു. എന്നാൽ തിരുവിതാംകോട്ടു റെഗുലേഷൻ ആകട്ടെ ആധാരം രജിസ്റ്റർ ചെയ്യുന്ന അസൽ പണി എന്ന പാടത്തക്കതായി യാതൊന്നും ഇല്ലാതെ തന്നെ ഡിസ്ത്രിക്ട് രെജിസ്ത്രാർ, ഡിവിഷൻ മുഴുവനിലേക്കും [illegible] രജിസ്ത്രാരായി മാത്രം പണി [illegible] വ്യവസ്ഥ ചെയ്തിരിക്കുന്നു. [illegible] സംസ്ഥാനത്തുള്ള മൂന്നു ഡിസ്ത്രിക്ട് രജിസ്ത്രാർമാരും അവരുടെ കീഴിൽ [illegible] അധീനതയും [illegible] മൂന്നോ നാലോ [illegible] വീതം [illegible] പരിശോധിച്ചു [illegible] ഇതു [illegible] ഇതു [illegible] രജിസ്ത്രേഷൻ [illegible] ഉണ്ട്. [illegible] ഒരിക്കൽ വീതം എങ്കിലും എല്ലാ കച്ചേരികളെയും പരിശോധിക്കേണ്ടതു [illegible] ഡിസ്ത്രിക്ട രജിസ്ത്രാർമാർ [illegible] കൂടുതൽ [illegible] ഉണ്ട്. [illegible] പ്രദേശങ്ങളെ [illegible] ഡിസ്ത്രിക്ട് രെജിസ്ത്രാർമാരുടെ [illegible] രജിസ്റ്റർ ചെയ്യുന്ന അസൽ പണി കൂടി [illegible] എന്നു [illegible] സബ് രെജിസ്ത്രാർ [illegible] അവരെ അധികം [illegible] ഉള്ള [illegible] സബ് രെജിസ്ത്രാർമാർ [illegible]

[illegible]യമിക്കാം. എന്നു തന്നെയും അല്ല ജനങ്ങളിൽ സാക്ഷരതയും ബുദ്ധിവികാസവും വർദ്ധിച്ചിരിക്കകൊണ്ടു റെവന്യൂ പാട്ടീസിൽ രെജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ [illegible] വരുന്ന [illegible] ആയ ആധാരങ്ങളും [illegible] ആ[illegible] [illegible] ഉദ്യോഗസ്ഥന്മാർ ആയിരിക്കണം.

[illegible] സമ്പ്രദായത്തിന്മേൽ [illegible] ഉള്ള [illegible] പ്രധാന [illegible] ബ്രിട്ടീഷ് ഇന്ത്യയിൽ രെജിസ്റ്റർ ചെയ്യുന്ന [illegible] രെജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ [illegible] ഇവിടെ [illegible] [illegible] തമിഴിലോ അല്ലാതെ എഴുതിയിരിക്കുന്ന ആധാരങ്ങളുടെ സംഗതിയിൽ ബ്രിട്ടീഷ് ഇന്ത്യയിൽ ഒരു പകർപ്പു [illegible] ഇവിടെ രണ്ടു പകർപ്പുകൾ ഹാജരാക്കപ്പെടുന്നു. ഡൈറക്ടരുടെ ആഫീസ് റെക്കാർഡുകൾ സൂക്ഷിച്ചു വച്ചിരിക്കുന്ന സ്ഥലം അല്ലാ. അതുകൊണ്ടു ഈ നിഷ്പ്രയോജനവും കക്ഷികൾക്കു അന്യായമായ ചിലവും അധ്വാനവും സങ്കടവും ജനിപ്പിക്കുന്നതും ജോലിയേയും റെക്കാർഡുകളേയും അനാവശ്യം ആയി വർദ്ധിപ്പിക്കുന്നതും ആയി ഭവിച്ചിരിക്കുന്നു. അതുകൊണ്ടു മേൽ പറഞ്ഞ രണ്ടു ഭാഷകളിൽ അല്ലാതെ എഴുതീട്ടുള്ള ആധാരങ്ങൾക്കു ഒരു പകർപ്പു മതി എന്നു നിശ്ചയിച്ചിരിക്കുന്നു.

൧൦. അനുസരണത്തിൽ വേറെയും ചില്ലറയായ ചില ഭേദഗതികൾ ചെയ്തിട്ടുണ്ടു. അവയെ പ്രത്യേകം വിവരിക്കേണ്ടതു ആവശ്യം ഇല്ല.

ആർ. അനന്തരായർ.

തിരുവിതാംകോട്ട സംസ്ഥാനത്തിൽ സക്കാർ തോടുകളും സക്കാർ കടത്തുകളും സ്ഥാപിക്കുന്നതിനും അവയെപ്പററിയുള്ള കാര്യങ്ങൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്വാൻ ഉള്ള ഒരു ബിൽ.

(സഭാ മുമ്പാകെ വെക്കപ്പെട്ടതിനിയത്തു)

പീഠിക. തിരുവിതാംകോട്ട സംസ്ഥാനത്തിൽ സക്കാർ തോടുകളും സക്കാർ കടവുകളും സ്ഥാപിക്കുന്നതിനും അവയെപ്പററിയുള്ള കാര്യങ്ങൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്യേണ്ടതു യുക്തം ആയിരിക്കയാൽ ഇതിനാൽ നിയമപ്പെടുത്തുന്നതു എന്തെന്നാൽ:—

ചുരുക്കപ്പേർ. ൧. ഈ റെഗുലേഷൻ "൧൦൭൩-ാം ആണ്ടത്തെ തിരുവിതാംകോട്ട സക്കാർ തോടുകളും സക്കാർ കടവുകളും വക റെഗുലേഷൻ" എന്നു വിളിക്കപ്പെടുന്നതാകുന്നു.

൨. ഈ റെഗുലേഷനിൽ,

ലക്ഷണങ്ങൾ. 'ഉരു' എന്ന പദത്തിൽ വല്ല കപ്പലും, പടവും, വള്ളവും, ചങ്ങാടവും വല്ല പ്രകാരത്തിലും സഞ്ചരിക്കപ്പെടുന്ന മറെറാ, ഒഴുകുന്നതോ, മുങ്ങുന്ന സാധനങ്ങളോ ഇവയും ഉൾപ്പെടുന്നതാകുന്നു.

'പുഴ' എന്നതിൽ സ്വാഭാവികമായി ഉള്ളതോ കൃത്രിമമായി ഉള്ളതോ ആയ ഏതു ജലമാർഗ്ഗവും ഉൾപ്പെടുന്നതാകുന്നു.

'ജലമാർഗ്ഗം' എന്നതിനു ഉരു പോകുന്ന വല്ല പുഴ എന്നോ ഉരു പോകുന്നതിനായി തുടർച്ചയായി ഉള്ള ഒരു കൂട്ടം പുഴകൾ എന്നോ അർത്ഥം ആകുന്നു.

'സക്കാർ തോട്' എന്നതിനു പൊതു ജനങ്ങൾക്കോ, പൊതുജനങ്ങളിൽ ഒരു വർഗ്ഗത്തിനോ ഉപയോഗിക്കാൻ അവകാശം ഉള്ളതും ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കു ഉൾപ്പെട്ടതായി പ്രസിദ്ധപ്പെടുത്തപ്പെട്ടിട്ടുള്ളതും ആയ ജലമാർഗ്ഗം എന്നു അർത്ഥം ആകുന്നു.

'കടത്തു' എന്നുവച്ചാൽ സാമാനങ്ങളേയോ ജന്തുക്കളേയോ യാത്രക്കാരേയോ ഉരുക്കൾമൂലം ആയി ഒരു പുഴയുടെ കരയിൽ നിന്നും മറു കരക്കു കടത്തി കൊണ്ടുപോകുന്ന ഒരു സ്ഥലം എന്നു അർത്ഥം ആകുന്നു.

'സക്കാർ കടത്തു' എന്നുവച്ചാൽ ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കു ഉൾപ്പെടുന്നതായി പ്രസിദ്ധപ്പെടുത്തപ്പെട്ടിട്ടുള്ളതും ഒരു സക്കാർ തോട്ടിന്റെ കുറുകെ ഉള്ളതും ആയ ഒരു കടത്തു എന്നു അർത്ഥം ആകുന്നു.

റെഗുലേഷനെ ഏതു ജലമാർഗ്ഗത്തിനും വ്യാപിപ്പിക്കാൻ അധികാരം. ൩. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, നമ്മുടെ സക്കാർ ഗസെററിൽ പരസ്യംമൂലം ആ പരസ്യത്തിൽ പറഞ്ഞിരിക്കുന്ന തീയതി മുതല്ക്കു പൊതുജനങ്ങൾക്കോ പൊതുജനങ്ങളിൽ ഒരു വർഗ്ഗത്തിനോ ഉപയോഗിക്കാൻ അവകാശം ഉള്ള വല്ല ജലമാർഗ്ഗവും ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കു ഉൾപ്പെടും എന്നു പ്രസിദ്ധപ്പെടുത്തുകയും അപ്രകാരംതന്നെ ആ വക വല്ല പരസ്യത്തേയും ദുർബലപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ചെയ്യുകയും ആവാം.

ഉരുക്കളെ രെജിസ്തർ ചെയ്യണം. ൪. ഒരു സക്കാർ തോടു വഴി കൂലിക്കു ഗതാഗതം ചെയ്യുന്ന എല്ലാ ഉരുക്കളേയും രെജിസ്തർ ചെയ്യേണ്ടതാകുന്നു.

ഫീസ് നിശ്ചയിക്കാൻ അധികാരം. ൫. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, കാലാകാലങ്ങളിൽ,

(എ) ഉരുക്കളെ രെജിസ്തർ ചെയ്യുന്നതിനു കൊടുക്കേണ്ടതായ ഫീസിന്റെ നിരക്കുകൾ നിശ്ചയിക്കാം;

(ബി) ഉരുക്കളുടേയോ ചരക്കുകളുടേയോ ഉപയോഗത്തിനായി [illegible] തിനും, ആ വക സ്ഥലങ്ങളിൽ താമസിപ്പിച്ച ഉരുക്കളുടേയും ചരക്കുകളുടേയും [illegible] ഫീസ് നിശ്ചയിക്കയും ആവാം.

൭ാം വകുപ്പിലെ (ബി) ഖണ്ഡപ്രകാരം ഉള്ള ഫീസിന്റെ വകക്ക ഒരു പരസ്യം ഇംഗ്ലീഷിലും അതാതു സ്ഥലത്തിലെ നാട്ടുഭാഷയിലും എഴുതി ആ വക ഫീസ് വസൂൽ ചെയ്യേണ്ടുന്ന സ്ഥലങ്ങളിൽ എല്ലാവരും കാണത്തക്കവണ്ണം പതിപ്പിക്കുകയും വേണം.

റെഗുലേഷനു വിരോധമായി ഉതമാറ്റത്തെയൊ വല്ല തടസ്ഥത്തെയൊ സംബന്ധിച്ച പ്രവൃത്തിക്കാൻ ക്രമപ്രകാരം അധികൃതൻ ആയ ആളിന്റെ അധികാരം.

൮. നമ്മുടെ ഗവർൻമെണ്ടിനാൽ ഇതിലേക്കായി ക്രമപ്രകാരം അധികൃതനായ വല്ല ആളും,

(i) വല്ല സർക്കാർ തോട്ടിലും മുങ്ങിപ്പോയതൊ, ഉപേക്ഷിക്കപ്പെട്ടതൊ, ആയ വല്ല ഉരുവിനേയും അതിൽ നിന്നു നീക്കം ചെയ്കയും അങ്ങനെ ചെയ്യുന്നതിൽ വേണ്ടിവന്ന ചിലവിനെ അടയ്ക്കാതിരുന്നാൽ, ആ ഉരുവിനെ ലേലത്തിൽ വില്ക്കുന്നതാണെന്നു പരസ്യമായി ഏഴു ദിവസത്തെ അറിയിപ്പു കൊടുത്തതിന്റെ ശേഷം പരസ്യമായി ലേലത്തിൽ വിറ്റു ആ ചിലവിനെ ഈടാക്കുകയും ചെയ്യാം

(ii) അടിയന്തിര കാര്യത്തിനു മറ്റുവല്ല തടസ്ഥമൊ മത്സ്യം പിടിക്കുന്നതിനുള്ള സൂത്രമൊ മറ്റു വല്ല സാധനമൊ വല്ല സർക്കാർ തോട്ടിൽ നിന്നു നീക്കം ചെയ്യാം; മറ്റു കാര്യങ്ങളിൽ ഉടമസ്ഥൻ ഉണ്ടെങ്കിൽ അറിയിപ്പിൽ കാണിക്കുന്നതായ ന്യായമായ ഒരു സമയത്തിനുള്ളിൽ ആവക വല്ല സാധനവും നീക്കം ചെയ്യാനായി അയാൾക്ക അറിയിപ്പു കൊടുക്കാം. അതിനെ അപ്രകാരം നീക്കം ചെയ്യാഞ്ഞാൽ താൻതന്നെ അതിനെ നീക്കം ചെയ്യാം. ൟ ഖണ്ഡപ്രകാരം ചെയ്യുന്ന ചിലവിനെ ഉടമസ്ഥനിൽ നിന്നു ഈടാക്കേണ്ടതാകുന്നു

(iii) ഒരു സർക്കാർ തോട്ടിൽ മത്സ്യം പിടിക്കുന്നതിനൊ മറ്റു വല്ല ആവശ്യത്തിനൊ വല്ല സൂത്രം കെട്ടി ഉണ്ടാക്കുന്നതും അതിലൊ, അതിന്റെ വക്കത്തു തോണിയും മറ്റും വലിക്കുന്ന ആളുകൾക്കൊ മൃഗങ്ങൾക്കൊ പോകാനുള്ള വഴിയിലൊ, അതോടു ചേൎന്ന മറ്റു നിലത്തൊ വല്ലതും കെട്ടിച്ചുണ്ടാക്കുന്നതും വിലക്കാം.

(iv) ൟ റെഗുലേഷനിലെ വ്യവസ്ഥകളിൽ വല്ലതിനുമൊ ഇതു അനുസരിച്ചു ഉണ്ടാക്കപ്പെട്ട വല്ല ചട്ടത്തിനൊ, നിശ്ചയിച്ച രെജിസ്തരിലെ വല്ല വ്യവസ്ഥക്കൊ ലംഘനമായി ഒരു സർക്കാർ തോട്ടിൽ കൂടി പോകുന്ന വല്ല ഉരുവിനേയും നിറുത്തുകയും അതു പ്രകാരം നടത്തുന്നതു വരെക്കും അതിനെ പിടിച്ചുവെക്കുകയും ചെയ്യാം.

ൟ വകുപ്പിൻപ്രകാരമുള്ള അധികാരങ്ങൾ പേർ പറഞ്ഞിട്ടു എങ്കിലും ഉദ്യോഗമുഖേന ആയിട്ടെങ്കിലും കൊടുക്കാവുന്നതാകുന്നു.

ൟ വകുപ്പു അനുസരിച്ചു ക്രമപ്രകാരം അധികൃതന്മാർ ആയ എല്ലാ ആളുകളും തിരുവിതാംകോട്ടു ശിക്ഷാനിയമത്തിന്റെ അൎത്ഥത്തിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാരായി ഗണിക്കപ്പെടുന്നതാകുന്നു.

റെഗുലേഷനെ വല്ല കടത്തിനും സംബന്ധിപ്പിക്കുന്നതിനും കടത്തിന്റെ അതിൎത്തികളെ വിവരിക്കുന്നതിനും അധികാരം

൯. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, ഗസെററിൽ പരസ്യം മൂലം, അതിൽ പറയുന്ന തീയതി മുതല്ക്ക ഒരു സർക്കാർ തോട്ടിൽ കുറുക്കെ ഉള്ള വല്ല കടത്തും ൟ റെഗുലേഷനിലെ വ്യവസ്ഥകൾക്ക ഉൾപ്പെടും എന്നു പ്രസിദ്ധപ്പെടുത്തുകയും ആ വക കടത്തിന്റെ അതിരുകളെ വിവരിക്കുകയും ചെയ്യാം. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, ആ വക വല്ല പരസ്യത്തേയും അപ്പോഴും തന്നെ ദുർബലപ്പെടുത്തുകയൊ ഭേദപ്പെടുത്തുകയൊ ആവാം.

അങ്ങനെ പരസ്യപ്പെടുത്തിയതിൽപിന്നെ ആ തോടുവഴി അധികാരം കൂടാതെ കൊണ്ടുപോകുന്നതു നിയമവിരുദ്ധം ആകുന്നു

൧൦. ആ തീയതി മുതൽക്ക ആ പരസ്യം പ്രബലപ്പെട്ടിരിക്കുന്ന കാലത്തു ക്രമപ്രകാരം അധികൃതൻ അല്ലാത്ത യാതൊരുത്തൻ എങ്കിലും ഉരുക്കൾ മൂലം ആ തോടു വഴിക്ക ചരക്കുകളേയൊ മൃഗങ്ങളേയൊ യാത്രക്കാരേയൊ കൊണ്ടുപോകുന്നതു ന്യായവിരുദ്ധം ആയി ഇരിക്കുന്നതും ആകുന്നു.

കടത്തുകൾ വക കാൎയ്യങ്ങൾ നടത്തുന്നതിനും ഫീസും ചുങ്കനിരക്കും നിശ്ചയിക്കാനും അധികാരം

൯. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, സൎക്കാർ കടത്തുകൾ വക കാൎയ്യങ്ങൾ നടത്തുന്നതിലേക്ക ചട്ടങ്ങൾ വ്യവസ്ഥ ചെയ്യാം. അല്ലെങ്കിൽ ചരക്കുകളേയോ മൃഗങ്ങളേയോ യാത്രക്കാരേയോ അതാതു കടത്തു സ്ഥലങ്ങളിൽ ഉരുക്കൾ മൂലം കൊണ്ടുപോകാൻ വല്ല ആൾക്കും അധികാരം കൊടുക്കാം. ആവക ആൾ അങ്ങിനെ ഉപയോഗിക്കുന്ന എല്ലാ ഉരുക്കൾക്കും അനുവാദപത്രം വാങ്ങിക്കേണ്ടതാകുന്നു. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി ആ വക അനുവാദപത്രത്തിനു അടക്കേണ്ട ഫീസും ആ വക കടത്തുകൾ വഴിയായി കടത്തിക്കൊണ്ടുപോകുന്ന യാത്രക്കാൎക്കും മൃഗങ്ങൾക്കും വാഹനങ്ങൾക്കും ചരക്കുകൾക്കും വസൂലാക്കേണ്ട ചുങ്കങ്ങളും നിശ്ചയിക്കയും ചെയ്യാം. എന്നാൽ പാഠശാലക്ക പോകയോ അവിടെ നിന്നു തിരിയെ വരികയോ ചെയ്യുന്ന വിദ്യാൎത്ഥികൾക്ക ചുങ്കങ്ങൾ ചുമത്തിക്കൂടാ. ആ വക ചുങ്കങ്ങളുടെ ഒരു പരസ്യം ഇംഗ്ലീഷിലും അതാതു സ്ഥലത്തിലെ നാട്ടുഭാഷയിലും എഴുതി കടത്തിന്റെ ഇരുകരയിലും എല്ലാവരും കാണത്തക്കവണ്ണം വച്ചിരിക്കേണ്ടതാകുന്നു.

ചുങ്കമൊ ഫീസൊ പിരിക്കുന്നതിന ആളുകളെ നിയമിക്കുന്നതിനും ആ പിരിവിനെ കുത്തകയായി ഏല്പിക്കാനും അധികാരം.

൧൦. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, ഈ റെഗുലേഷൻ അനുസരിച്ച അടക്കേണ്ടുന്ന ചുങ്കവും ഫീസും പിരിക്കുന്നതിനു ആളുകളെ നിയമിക്കാം. അനുവാദപത്രത്തിനുള്ള ഫീസും റെജിസ്ട്രേഷൻഫീസും അല്ലാതെ ഉള്ള ആ വക ചുങ്കങ്ങളും ഫീസും പിരിക്കുന്നതിനു ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, അതാതു കാലം നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക ഉൾപ്പെട്ട കുത്തകയായി ഏല്പിക്കാം. അങ്ങിനെ ചെയ്യുന്ന പക്ഷം കുത്തകക്കാരനേയും അയാളുടെ കാൎയ്യസ്ഥന്മാരേയും പണിക്കാരേയും അപ്രകാരം നിയമിക്കപ്പെട്ടവരായി ഗണിക്കയും വേണം.

ചുങ്കം മുതലായവ ചോദിക്കുമ്പോൾ കൊടുക്കാതിരുന്നാൽ നടപടി

൧൧. ഈ റെഗുലേഷൻപ്രകാരം അടക്കേണ്ടുന്ന വല്ല ചുങ്കമോ അനുവാദപത്ര ഫീസും റെജിസ്ട്രേഷൻ ഫീസും അല്ലാത്ത മറ്റു ഫീസോ, ആയതു പിരിക്കുന്നതിനോ വസൂലാക്കുന്നതിനോ ക്രമപ്രകാരം നിയമിക്കപ്പെട്ടവനോ അധികാരപ്പെടുത്തപ്പെട്ടവനോ ആയ ഒരാൾ ചോദിക്കുമ്പോൾ കൊടുക്കാതിരുന്നാൽ അയാൾ ആ വക ചുങ്കമോ ഫീസോ അടക്കേണ്ടതായ വല്ല ഉരുവിനേയോ ചരക്കുകളേയോ വാഹനങ്ങളേയോ മൃഗങ്ങളേയോ അല്ലെങ്കിൽ ആ വക ചുങ്കത്തിനോ ഫീസിനോ ഉൾപ്പെട്ടിരിക്കുന്ന യാത്രക്കാരന്റേയോ ആളുടേയോ കൈവശം ഉള്ള വല്ല സാധനത്തേയോ പിടിച്ചുവെക്കാം, ഇതിലേക്കായി നമ്മുടെ ഗവൎമ്മെണ്ടിനാൽ അധികൃതൻ ആയ വല്ല ആളും ആയതിനെ വിറ്റുകളയും എന്നു പരസ്യമായി ൧൫ ദിവസത്തിന്റെ അറിയിപ്പു കൊടുത്തതിന്റെ ശേഷം ആ വക ചുങ്കമോ ഫീസോ പിന്നെയും അടയ്ക്കാത്ത പക്ഷം അതിനെ ലേലത്തിൽ വില്ക്കുകയും ചെയ്യാം. അങ്ങിനെ വിറ്റു കിട്ടിയ മുതലിൽ നിന്നു ആ ചുങ്കമോ ഫീസോ ഇതും, വില്ക്കാൻ ഉണ്ടായ ചിലവും കഴിച്ചതിന്റെ ശേഷം ബാക്കി വല്ലതും ഉണ്ടെങ്കിൽ അതിനെ, ആ വിറ്റമുതൽ ആരുടെ കൈവശത്തിൽ നിന്നു എടുത്തുവോ അയാൾക്ക കൊടുക്കുകയും വേണം.

ഈ പണങ്ങളെ കരക്കുടിശ്ശികപോലെ പിരിക്കാം

൧൨. കടത്തു വകയായ എല്ലാ പാട്ടങ്ങളേയും ൩-ാം വകുപ്പു അനുസരിച്ചു ഉണ്ടായിട്ടുള്ള എല്ലാ ചിലവുകളേയും കരക്കുടിശ്ശിഖ എന്നപോലെ വസൂൽ ആക്കാവുന്നതാകുന്നു.

ലൈസൻസ് റെജിസ്റ്റർ ചെയ്യുന്നതിനുള്ള ഫാറം മുതലായവ

൧൩. ഈ റെഗുലേഷൻ അനുസരിച്ചു കൊടുക്കുന്ന എല്ലാ അനുവാദ പത്രങ്ങളും, ചെയ്യുന്ന എല്ലാ റെജിസ്ട്രും, ദിവാൻ അതാതു കാലം ആജ്ഞാപിക്കാവുന്ന മാതിരിയിലും, അതാതു കാലം ആജ്ഞാപിക്കാവുന്ന വ്യവസ്ഥകൾ അടങ്ങിയവയും വ്യവസ്ഥകൾക്ക ഉൾപ്പെട്ടവയും ആയിരിക്കേണ്ടതാകുന്നു. ഈ റെഗുലേഷൻ അനുസരിച്ചു കൊടുക്കപ്പെടുന്ന എല്ലാ ലൈസൻസുകളും ദിവാൻ അതാതു കാലം ആജ്ഞാപിക്കാവുന്ന കാലത്തേക്ക സാധുവായിരിക്കുന്നതാകുന്നു.

ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരം

൧൪. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, വല്ല സൎക്കാർ തോട്ടിന്റേയോ സൎക്കാർ കടത്തിന്റേയോ വകക്ക താഴെ പറയുന്ന കാൎയ്യങ്ങളിൽ എല്ലാറ്റിനുമോ വല്ലതിനുമോ ചട്ടങ്ങൾ ഉണ്ടാക്കാം:—

(i) ഈ റെഗുലേഷൻ അനുസരിച്ചു നിയമിക്കപ്പെടുന്ന വല്ല ആളും നടത്തേണ്ട അധികാരങ്ങളെ അറിയിക്കുന്നതും;

(ii) ഉരുക്കൾ രെജിസ്റ്റർ ചെയ്യുന്നതിനും അവക്ക അനുവാദ പത്രങ്ങൾ കൊടുക്കുന്നതിനും രെജിസ്റ്റർ ചെയ്യുന്നതോ അനുവാദപത്രം ഉള്ളതോ ആയ ഉരുക്കളെ ചെന്നു പരിശോധിക്കുന്നതിനും അവയെ നല്ല സ്ഥിതിയിൽ വെപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതും;

(iii) ആ തോട്ടിനേയോ കടത്തിനേയോ ഉപയോഗിക്കുന്ന ഉരുക്കളുടെ വലിപ്പവും വെള്ളനിരപ്പിനു മേലുള്ള പൊക്കവും അതിന്റെ കോപ്പുകളും അതിൽ കൊണ്ടുപോകുന്ന യാത്രക്കാരുടെ എണ്ണവും ചരക്കുകളുടെ പ്രകൃതവും തുകയും ക്രമപ്പെടുത്തുന്നതിനും;

(iv) ഉരുക്കൾ പോകേണ്ടും വേഗവും, ഉരുക്കൾ കടന്നുപോകലും പൊങ്ങിക്കൊണ്ടിരിക്കുന്നതോ നങ്കൂരം ഇട്ടിരിക്കുന്നതോ ആയ ഉരുക്കളിൽ വെക്കേണ്ടുന്ന വെളിച്ചങ്ങളും, ചീപ്പു പ്രവൃത്തിയും, ഉരുക്കൾ നങ്കൂരം ഇടുവിപ്പിക്കലും, തുറകളും ഏറ്റിറക്ക യന്ത്രങ്ങളും തരസ്ഥാനങ്ങളും പാലപ്പാതകളും പുരകളും പാണ്ടികശാലകളും മറ്റും ഉപയോഗിക്കലും, ക്രമപ്പെടുത്തുവാനും,

(v) ഈ റെഗുലേഷൻ പ്രകാരം പിടിച്ച ഉരുക്കൾകൊണ്ടൊ മറ്റു സാധനങ്ങൾ കൊണ്ടോ എന്തു ചെയ്യണം എന്നു നിയമിപ്പാനും,

(vi) യാത്രക്കാർക്ക സുഖം ഉണ്ടാക്കുവാനും,

(vii) സാധാരണമായി ഈ റെഗുലേഷനിലെ ആവശ്യങ്ങൾ നിവൃത്തിപ്പാനും.

൫-ാം വകുപ്പിനു വിരുദ്ധമായി തോട്ടിൽ ഉരു കൊണ്ടുപോകയോ ൮-ാം വകുപ്പിനു വിരുദ്ധമായി കടത്തു സ്ഥാപിക്കയൊ നടത്തുകയൊ ചെയ്യുന്നതിനു ശിക്ഷ

൫൩ ഈ റെഗുലേഷനിലെ ൫-ാമത്തെ വകുപ്പിനു വിരുദ്ധം ആയി ഒരു തോട്ടിൽകൂടി ഉരു കൊണ്ടുപോകുന്ന യാതൊരു ആളും ഒരു ക്രിമിനൽ കോട്ട് മുമ്പാകെ കുറ്റസ്ഥാപനം ആയാൽ ൨൦ രൂപാക്ക കവിയാത്ത പിഴ വിധിക്കപ്പെടുന്നതിനു പാത്രം ആകും. ഈ റെഗുലേഷനിൽ എട്ടാമത്തെ വകുപ്പിനു വിരുദ്ധമായി ഒരു കടവു സ്ഥാപിക്കയോ നടത്തുകയോ ചെയ്യുന്ന യാതൊരു ആളും ഒരു ക്രിമിനൽകോട്ട് മുമ്പാകെ കുറ്റസ്ഥാപനം ആയാൽ അഞ്ഞൂറു രൂപാക്ക കവിയാത്ത പിഴ വിധിക്കപ്പെടുന്നതിനു പാത്രം ആകയും ചെയ്യും.

ചുങ്കമൊ ഫീസൊ കൊടുക്കാതിരുന്നാൽ ശിക്ഷ.

൫൪ ഈ റെഗുലേഷൻ പ്രകാരം അടക്കേണ്ടതായ വല്ല ചുങ്കമോ ഫീസോ കൊടുക്കാൻ കൂട്ടാക്കാതിരിക്കയോ കൊടുക്കാതെ വെട്ടിപ്പിക്കുകയോ ചെയ്യുന്ന യാതൊരുത്തനേയും ഒരു ക്രിമിനൽ കോട്ട് മുമ്പാകെ കുറ്റസ്ഥാപനം ആയാൽ ൨൦ രൂപായിൽ കവിയാത്ത പിഴകൊണ്ടു ശിക്ഷിക്കുകയും ചെയ്യും.

അധികാരം കൂടാതെ ചുങ്കവും മറ്റും വസൂലാക്കിയാൽ ശിക്ഷ.

൫൫ ഈ റെഗുലേഷൻ പ്രകാരം എന്ന ഭാവനയിന്മേൽ ക്രമപ്രകാരം ഉള്ള അധികാരം കൂടാതെ വല്ല ചുങ്കമൊ ഫീസൊ വസൂലാക്കുകയൊ അല്ലെങ്കിൽ ഈ റെഗുലേഷൻ പ്രകാരം ചുങ്കമൊ ഫീസൊ പിരിക്കാൻ അധികാരപ്പെടുത്തിയിരിക്കെ ന്യായമായി വരേണ്ടതിൽ അധികം സംഖ്യ പിരിക്കുകയൊ വാങ്ങുകയൊ ചെയ്യുന്ന യാതൊരുത്തനേയും ഒരു ക്രിമിനൽ കോട്ട് മുമ്പാകെ കുറ്റസ്ഥാപനം ആയാൽ, ഒരു മാസത്തിൽ കവിയാത്ത രണ്ടിൽ ഏതെങ്കിലും വിധം തടവിനാലോ ൨൦൦ രൂപായിൽ കവിയാത്ത പിഴയിനാലൊ രണ്ടിനാലും കൂടിയോ ശിക്ഷിക്കുകയും ചെയ്യും.

ചട്ടത്തെ ലംഘിച്ചാൽ ശിക്ഷ.

൫൬ ഈ റെഗുലേഷൻ പ്രകാരം ഉണ്ടാക്കിയ വല്ല ചട്ടവും ലംഘിച്ചവനെ, ഒരു ക്രിമിനൽ കോട്ടുമുമ്പാകെ കുറ്റം സ്ഥാപനമായാൽ, ഒരു ഒറ്റ കുറ്റത്തിന്റെ കാര്യത്തിൽ അമ്പതു രൂപായിൽ കവിയാത്ത പിഴ കൊണ്ടും, ഒരു കുറ്റം ചെയ്തുകൊണ്ടുതന്നെ ഇരിക്കുന്ന പക്ഷത്തിൽ ആ കുറ്റം ചെയ്തുകൊണ്ടു ഇരിക്കുന്ന ഓരോ ദിവസത്തിനു പത്തു രൂപായിൽ കവിയാത്ത പിഴകൊണ്ടും ശിക്ഷിക്കുകയും ചെയ്യും. എന്നാൽ കുറ്റം മനുഷ്യജീവിതത്തിനു അപായം വരത്തക്കതാണെങ്കിൽ ശിക്ഷ ഒരു കൊല്ലത്തോളം ആകുന്ന രണ്ടിൽ ഏതു വിധം എങ്കിലും ആയ തടവോളമൊ ൫൦൦ രൂപാ പിഴയോളമോ ഇവ രണ്ടും കൂടിയതോളമോ ആയിരിക്കാം.

ഈ റെഗുലേഷനെ അനുസരിച്ചുള്ള പ്രോസിക്യൂഷൻ അനുവാദംകൂടാതെ ആരംഭിച്ചുകൂടാ.

൫൭ ഈ റെഗുലേഷനെ അനുസരിച്ചു യാതൊരു പ്രോസിക്യൂഷനും ഗവർമെണ്ടിന്റെയൊ ആ ഡിവിഷനിലെ പേഷ്കാരുടെയൊ മുൻപിൽകൂട്ടി ഉള്ള അനുവാദം കൂടാതെ ആരംഭിച്ചു കൂടാത്തതാകുന്നു.



TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, February 4, 1908. / Makaram 22, 1083

EDUCATIONAL DEPARTMENT.

NOTICE

Applications are invited from qualified men for the vacant place of the Gymnastic and Drill Instructor in the English High School, Kottar. Applicants should state their age, experience and qualifications, and may forward *copies* of testimonials. Applicants from private institutions should apply through their Managers. All applications should be addressed to the Headmaster, English High School, Kottar. The place is permanent and carries with it a salary of Sirkar Rupees 10 per mensem.

Trivandrum,
17th January 1908.

K. V. RANGASWAMI AIYANGAR,
Inspector of Schools,
Southern Range.

പരസ്യം

നെടുമങ്ങാട് ഹെഡ്മാസ്റ്ററായിരുന്നു മരിച്ചുപോയ സി. എം. അയ്യപ്പൻപിള്ളയ്ക്കു കഴിഞ്ഞ ചിങ്ങം കന്നി ഈ മാസങ്ങളിൽ ശമ്പളം വകയിൽ ചെല്ലുവാനുള്ള രൂപാ ൯ ചക്രം ൧൪ കാശു ൧൦ ൦ വാങ്ങിക്കുന്നതിനു അവകാശികൾ ആരെങ്കിലുമുണ്ടെങ്കിൽ മറ്റു അവകാശ സർട്ടിഫിക്കേറ്റോടു കൂടി ഈ പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ഒരു മാസത്തിനകം ഈ ആപ്പീസിൽ ഹാജരായി ബോധിപ്പിക്കേണ്ടതും, അവധി കഴിഞ്ഞാൽ ഈ വകപ്പണം സർക്കാരിലേക്കു മുതൽകൂട്ടുന്നതുമാകുന്നു.

വടക്കൻറെഞ്ചു പള്ളിക്കൂടം ഇൻസ്പെക്ടരാപ്പീസ്, ൧൦൮൩ ധനു ൨൩-.

ഇൻസ്പെക്ടർ,
ആർ. ഈശ്വരപിള്ള.

പള്ളിക്കൂടം തെക്കൻ റെഞ്ച് ഇൻസ്പെക്ടരാപ്പീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ചിറയിൻകീഴ പെൺ മലയാളം മിഡിൽസ്കൂൾ ൨ ാം അസിസ്റ്റൻറായിരുന്നു മരിച്ചുപോയ കാത്യായനിഅമ്മയ്ക്കു കഴിഞ്ഞ കന്നിമാസത്തെ ശമ്പളം വകയിൽ ചെല്ലുവാനുള്ള പണത്തിനു അവകാശികളായി ആരെങ്കിലും ഉണ്ടായിരുന്നാൽ അതിലേക്കു ശരിയായ അവകാശ സട്ടിഫിക്കെററു സഹിതം ഈ പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മൂന്നുമാസത്തിനകം ഇവിടെ ബോധിപ്പിച്ചുകൊള്ളേണ്ടതും അവധി കഴിഞ്ഞു ബോധിപ്പിക്കുന്ന അവകാശങ്ങളെ ഗൌനിക്കുന്നതല്ലാത്തതുമാകുന്നു എന്നു

൧൯൦൮ ജനുവരിമാസം ൧൫-

ഇൻസ്പെക്ടർ കെ. വി. രംഗസ്വാമിഅയ്യങ്കാർ.

പരസ്യം

കാരിക്കോട്ട ലോവർ പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നുമരിച്ചുപോയ ഗോവിന്ദപ്പിള്ളയ്ക്കു ൧൦൮൩ ചിങ്ങം, കന്നി, തുലാം, മാസങ്ങളിൽ ഉടമവകയിൽ ചെല്ലേണ്ടതായ സർക്കാർ രൂപാ ൧൨ ൦ (പന്ത്രണ്ടും) വാങ്ങിക്കുന്നതിനു അവകാശികളാരെങ്കിലും ഉണ്ടെങ്കിൽ ഈ പരസ്യം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മുപ്പതു ദിവസത്തിനകം അവകാശ സട്ടിഫിക്കേററു സഹിതം ഈ ആഫീസിൽ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു

ഈ അവധികഴിഞ്ഞാലുടൻ ടി തുക സക്കാരിലേയ്ക്കു മുതൽ കൂട്ടുന്നതാണ്

വടക്കൻറേഞ്ചു പള്ളിക്കൂടം
ഇൻസ്പെക്ടരാപ്പിസ
കോട്ടയം ൧൦൮൩ മകരം ൧൩-

ഇൻസ്പെക്ടർ ആർ. ഈശ്വരപിള്ള.

പരസ്യം.

നിലംപേരൂർ ഹെഡ്മാസ്റ്ററായിരുന്നു മരിച്ചുപോയ പത്മനാഭപിള്ളയ്ക്കു ൧൦൮൩ ചിങ്ങം കന്നി ഈ മാസങ്ങളിൽ ഉടമവകയിൽ ടി പള്ളിക്കൂടത്തിൽ നിന്നും ചെല്ലാനുള്ള രൂപാ ൧൭ ചക്രം ൧൪ ൦ വാങ്ങിക്കുന്നതിനു അവകാശികൾ ആരെങ്കിലും ഉണ്ടെങ്കിൽ അവകാശ സട്ടിഫിക്കെററുസഹിതം ഈ പരസ്യംകണ്ടു ൩൦ ദിവസത്തിനകം ഈ ആഫീസിൽ ഹാജരായി ബോധിപ്പിക്കേണ്ടതും അവധികഴിഞ്ഞാൽ ഉടൻ ഈവകപ്പണം സർക്കാരിലേക്കു മുതൽ കൂട്ടുന്നതുമാകുന്നു.

വടക്കൻറെഞ്ചു പള്ളിക്കൂടം
ഇൻസ്പെക്ടരാഫീസ
കോട്ടയം ൧൦൮൩ മകരം ൩൩-

ഇൻസ്പെക്ടർ
ആർ. ഈശ്വരപിള്ള.

Text Books and Portions prescribed for Government Schools for 1908.

[N. B.—Managers of aided schools may adopt the same or use other approved books of equal difficulty].

Lower Primary.

Class I.

Malayalam—Infant Reader (ബാലപാഠം) Government Publication.

Tamil—Infant Primer by C. R. Namasivaya Mudaliar (நமசிவாய முதலியார் எழுதிய பாலர் பாடம்).

Class II.

Malayalam—First Reader (ഒന്നാം പാഠം) Government Publication. The following lessons — 1, 2, 3, 4, 5, 6, 8, 9, 10, 14, 15, 16, 17, 18, 19, 20, 21, 23, 30, 31, 32, 36, 41, 42, 44, 46, 48 and 53.

The pupils should be able to recite the poetry pieces in the lessons prescribed above.

Tamil—First Reader by C. R. Namasivaya Mudaliar (நமசிவாய முதலியார் எழுதிய முதலாம் புத்தகம்).

Class III.

Malayalam—Second Reader (രണ്ടാം പാഠം) Government Publication. The following lessons:— 1, 3, 4, 10, 11, 12, 13, 15, 16, 17, 20, 23, 26, 27, 28, 31, 32, 36, 37 and 39.

The pupils should be able to recite the poetry pieces in the lessons prescribed above.

Tamil—Second Reader by C. R. Namasivaya Mudaliar (நமசிவாய முதலியார் எழுதிய இரண்டாம்பாட புத்தகம்).

English—Chambers' Fluent Readers—Primers, First and Second.

Hygiene—As in the curricula.

Agriculture (for boys only).—കൃഷിശാസ്ത്രം by T. K. Velu Pillai, B. A., Assistant Teacher, The Native High School, Trivandrum (തിരുവനന്തപുരം നേറ്റീവ് ഹൈസ്കൂൾ അസിസ്റ്റന്റ് ടീച്ചർ ടി. കെ. വേലുപ്പിള്ള ബി. ഏ. ഉണ്ടാക്കിയതു).

Upper Primary.

Class IV.

Malayalam—Third Reader (മൂന്നാം പാഠം) Government Publication. The following lessons:— 2, 3, 4, 5, 8, 13, 17, 18, 19, 21, 22, 23, 24, 25, 26, 31, 33, 34 and 35.

Grammar—Prathama Vyakaranam—whole (പ്രഥമ വ്യാകരണം—മുഴുവൻ) by A. R. Rajaraja Varma, M. A., M. R. A. S., printed and published by the Manorama Press.

Tamil—Third Reader by C. R. Namasivaya Mudaliar (நமசிவாய முதலியார் எழுதிய மூன்றாம்பாட புத்தகம்).

English—King Alfred Readers—Introductory book, omitting the following lessons:—

1. The snow.
2. Tot's happy home.
3. Tot goes visiting.

4. Tot's story
5. Tot in the city
6. Tot is sick.
7. Tot's picnic.
8. Black sheep.
9. Topsy-turvy.
10. Jack horner.
11. Riding.
12. Humpty-Dumpty.
13. Five little pigs
14. My donkey.
15. Bo-peep.

History—Stories from Travancore History (new edition) by K. Paramoswaren Pillai of Nanthiyar Vidu, Trivandrum. (തിരുവിതാംകൂർ ചരിത്ര കഥകൾ—പുതിയപതിപ്പ—തിരുവനന്തപുരം നന്ത്യാർവീട്ടിൽ കെ. പരമേശ്വരൻ പിള്ള ഉണ്ടാക്കിയതു—മാനേജർ ബി. വി. ബുക്ക് ഡിപ്പൊ തിരുവനന്തപുരം.

Hygiene—As in the curricula.

Agriculture—Agriculture by T. K. Velu Pillai, B. A., Assistant teacher, The (for boys only) Native High School, Trivandrum. (കൃഷിശാസ്ത്രം—തിരുവനന്തപുരം നേറ്റിവ് ഹൈസ്കൂൾ അസിസ്റ്റൻറ ടീച്ചർ ടി. കെ. വേലുപ്പിള്ള ബി. എ. ഉണ്ടാക്കിയതു).

English Middle School.

Form I

English—King Alfred Readers—Book I. The following lessons:—

1. The wild wind.
2. A kitten
3. In the Queen's stables.
4. Minding the house.
5. Willie's new book.
6. The welcome rain.
7. Two bright fairies.
8. The sun.
9. A funny parrot.
10. A better plan.
11. A Cobweb.
12. The kettle.
13. Clothes cost money.
14. A broken head
15. The little hare.
16. A little man.
17. The little boy and the stars.
18. A clever sheep dog.

King Alfred Readers—Book II The following lessons:—

1. Beginning at home.
2. Tray and the doll.
3. A wise horse.
4. With the sheep—I.
5. Do. —II.
6. The dove
7. Out for a run.
8. Sea walls—I.
9. Do. —II.
10. A very large thief.
11. A brave Welsh girl.
12. The Windmill
13. Speak gently.

Malayalam—Fourth Reader (നാലാം പാഠം) Government Publication. The following lessons:—

Prose—1. ഭൂമിയുടെ ആകൃതി.
2. കരിമ്പ്—ഒന്നാം ഭാഗം.
3. ടി രണ്ടാം ഭാഗം.
4. ചെമ്പകശ്ശേരി രാജ്യം—ഒന്നാം ഭാഗം.
5 ടി രണ്ടാം ഭാഗം.
6. കേരളം.
7. കയർ.
8. ശങ്കരാചാര്യർ—ഒന്നാം ഭാഗം
9. ടി രണ്ടാം ഭാഗം.

Poetry—10 യുധിഷ്ഠിര വാക്യം
11. വിദുരവാക്യം—ഒന്നാം ഭാഗം.
12 മലയവിലാസം.
13. രാമപ്രവാസം.

Grammar—Madhyama Vyakaranam (മധ്യമ വ്യാകരണം) by A R Rajaraja Varma, M. A., M. R. A. S., up to verb (ക്രിയ), Section 47

Tamil—Poetry and prose—Fourth Reader by C. R. Namasivaya Mudaliar (நமசிவாய முதலியார் எழுதிய நான்காம் பாட புத்தகம்).

Grammar—Yezhuthu peyar (எழுத்து பெயர்)

Form II.

English—King Alfred Readers—Book III. The following lessons:—

1. Climbing a tree—I.
2. Do. II.
3. What does it matter?
4. I remember, I remember
5. At the point of time.
6. Boyhood of George Stephenson—I.
7. Do II.
8. The loss of the Royal George
9. Neptune—I
10. Do. II.
11. Try again.
12. A candle out of place.
13. It's an ill wind that blows no body good.
14. About a butterfly.
15. The useful plough.
16. More haste—less speed
17. The first voyage.
18. A brave girl—I.
19. Do. II.
20. Mother's story—I.
21. Do. II.
22. The Children's hour.

Malayalam—Fourth Reader (നാലാം പാഠം) Government Publication.

Prose—1. [illegible] ഫ്രെഞ്ചുകാരും ഇംഗ്ലീഷുകാരും [illegible]—ഒന്നാം ഭാഗം.
2. ടി രണ്ടാം ഭാഗം.
3. ടി മൂന്നാം ഭാഗം.
4. ടി നാലാം ഭാഗം.
5. [illegible].
6. [illegible]—ഒന്നാം ഭാഗം.
7. ടി രണ്ടാം ഭാഗം.
8. ടി മൂന്നാം ഭാഗം.

Poetry—9. വിദുരവാക്യം—രണ്ടാം ഭാഗം.
10 ടി മൂന്നാം ഭാഗം.
11. [illegible].
12. [illegible].

Grammar—Madhyama Vyakaranam by A. R. Rajaraja Varma, M. A., M. R. A. S., up to participles (പാരാവിനം) Section 79

Tamil—Prose and Poetry—Marsden's Sixth Reader (மார்ஸ்டன் ஆறாம் புத்தகம், ஆறாம் பாகம்).

Grammar—Vinai, Edai, Padam (வினை, இடை, பதம்).

Sanskrit—1. Siddharupam—General declensions and conjugations (സിദ്ധരൂപം സുബന്തവും തിങന്തവും സാമാന്യ രൂപങ്ങൾ).

2. Amaram—Swarga Vargam, Vyoma Vargam, Kala Vargam (അമരം—സ്വർഗ്ഗവർഗ്ഗം, വ്യോമവർഗ്ഗം, കാലവർഗ്ഗം).

3. Reader No. 1 by T. Ganapati Sastrial. 1st fifteen lessons, (പ്രഥമ പാഠാവലി 1—15 വരെ പാഠങ്ങൾ, സംസ്കൃത പാഠശാല പ്രിൻസിപ്പാൾ ടി. ഗണപതി ശാസ്ത്രികൾ ഉണ്ടാക്കിയതു).

Form III.

English—King Alfred Readers—Book IV.—the following lessons —

1. Keeping the Queen's Jubilee.
2. Harmosan.
3. A Torpedo.
4. A fighter of the desert.
5. The fire alarm—I.
6. Do. II.
7. An incident in the Spanish-American War—I.
8. Do. Do. II.
9. A battle with wolves—I.
10. Do. II.
11. The Soldier's dream.
12. The Gypsy's red haired pony—I.
13. Do. II
14. A May-day Walk—I.
15. Do. II
16. Sir Grimbald's ransom.
17. A Friend of the People.
18. Talks about Food—I.
19. Do. II.
20. Do. III.

Malayalam—Poetry—Santhanagopalam Thullal, by Vidwan Koil Tampuran of Kilimanoor (സന്താനഗോപാലം തുള്ളൽ—കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ ഉണ്ടാക്കിയതു).

Prose—Iravathi by C. P. Parameswaran Pillai (ഇരാവതി—സി. പി. പരമേശ്വരൻപിള്ള ഉണ്ടാക്കിയതു). അക്ഷരാലങ്കാരം പ്രെസ്സിൽ അച്ചടിച്ച എസ്. ആർ. റഡിയാർ പ്രസിദ്ധപ്പെടുത്തിയതു—വില അണ ൩

Grammar—Madhyama Vyakaranam [മദ്ധ്യമ വ്യാകരണം by A. R. Rajaraja Varma, M. A., M. R. A. S.,—whole (മുഴുവൻ)].

Tamil—Poetry—Panchatantram—Second Tantram—Stanzas 1—70. (பஞ்சதந்திரம், சுகிர்லாபம் 1—70 பாடல்கள்.

Prose—Marsden's Seventh Reader. (மார்ஸடன ஏழாம் புத்தகம்—ஏழாம் பாகம்).

Grammar—Navalar Elakkanam (நாவலர் இலக்கணம்).

Sanskrit—1. Amaram—(ധീവർഗ്ഗം, ശബ്ദാദിവർഗ്ഗം, പാതാളവർഗ്ഗം, വാരിവർഗ്ഗം).

2. Siddharupam—Particular declensions and conjugations (സുബന്തവും തിങന്തവും പ്രത്യേക രൂപങ്ങൾ).

3. Reader No. 2—1st fifteen lessons, by T. Ganapati Sastrial, (ദ്വിതീയ പാഠാവലി 1—15 വരെ പാഠങ്ങൾ, സംസ്കൃത പാഠശാല പ്രിൻസിപ്പാൾ ഗണപതി ശാസ്ത്രികൾ ഉണ്ടാക്കിയതു).

4. Sanskrit Grammar—1st Reader (by Nilakandha Sastri, Asst., C. M. S. College, Tinnevelly).

English High School.

Form IV.

English—King Alfred Readers—Book V. The following lessons:—

1. Christmas at Bob Cratchit's.
2. Fidelity.
3. Cleanliness.
4. The Warden of the Cinque Ports.
5. A Swiss Patriot.
6. Arnold Winkelried.
7. The leisure hour.
8. Exercise.
9. Our Parks and Open Spaces.
10. Two Polish heroes.
11 The hero of Khartum—I.
12. Do. II.
13. Do. III
14. Laying the Atlantic Cable.
15 How Horatius kept the bridge.
16. Sea birds and Cliff Climbing in Yorkshire.
17. Libraries.
18. Aspirations of Youth
19. The Battle of Hohenlinden
20. The trial of Mabel Howard—I.
21. Do. II.
22. Do. III
22. A rescue by the Sea.
24. Composed upon Westminster Bridge.

Malayalam—Poetry—Irupathinalu Vritham—first four Vrithams (ഇരുപത്തുനാലു വൃത്തം ഒന്നുമുതൽ നാലുവരെ വൃത്തങ്ങൾ). Syamantakam Thullal (സ്യമന്തകം തുള്ളൽ) by Kunchan Nambiar.

Prose—കുന്ദലത—by Appu Nedungadi, B. A., B. L.

Grammar—Sabdasodhini (ശബ്ദശോധിനി), first half, by A. R. Rajaraja Varma, M. A., M. R. A. S.

Tamil—Poetry and Prose – Shadagopa Ramanujacharya's Tamil Text for Forms IV and V.

Grammar—Ezhuthiyal, Padaviyal, Peyarial—(எழுத்தியல், பதவியல், பெயரியல).

Sanskrit—1. Siddharupam—Whole—(സിദ്ധരൂപം മുഴുവൻ).

2. Amaram—(അമരം) ദ്യുവർഗ്ഗം, പുരവർഗ്ഗം, ശൈലവർഗ്ഗം, വനവർഗ്ഗം, മനുഷ്യവർഗ്ഗം.

3. Reader No. 1—15 lessons by T. Ganapati Sastrial—(ദ്വിതീയ പാഠാവലി 1—15 വരെ പാഠങ്ങൾ ടി. ഗണപതി ശാസ്ത്രികൾ ഉണ്ടാക്കിയതു).

4. Sri Ramodantam—1—30 verses (ശ്രീരാമോദന്തം 1—30 വരെ ശ്ലോകങ്ങൾ).

5. Grammar—Second Reader (by Nilakandha Sastri, Asst., C. M. S. College, Tinnevelly).

Algebra—Elementary Algebra by P. Ross (Longmans)—Chapters—I—XIII.

Geometry—As prescribed in the New Syllabus published in the Government Gazette of 28th May 1907.

Geography—Africa, America and Oceania in detail with the portion on Physical Geography—(Longman's Geographical Series Book II).

Form V.

English—King Alfred Readers—Book VI. The following lessons:—

1. The Ladder of St. Augustine.
2. My Day with a Dog—I.
3. Do. II.
4. Folks beyond the Sea—The Germans.
5. Morte D' Arthur.
6. True Freedom.
7. The Day is done.
8. The hold of a Highland Robber.
9. Sir George Grey.
10. The Charge of the Lancers at Omdurman.
11. The Journey to Bleak House.
12. How Slatin Pasha escaped from the Khalifa—I.
13. Do. II.
14. Do. III
15. Do. IV.
16. Do. V.
17. The Minstrel's Song.
18. Cassius to Brutus.

Malayalam—Poetry—Bhasha Kumarasambhavam (ഭാഷാ കുമാരസംഭവം Cantos II and III by A. R. Rajaraja Varma, M. A., M. R. A. S.

Kalliana Songandhikam-Thullal (കല്യാണ സൌഗന്ധികം-തുള്ളൽ) by Kunchan Nambiar.

Prose—"Representative Indians" Part II. (ഇൻഡ്യയിലെ മഹാന്മാർ—രണ്ടാംഭാഗം—കല്ക്കട്ടായിലെ മഹാന്മാർ മാത്രം) Edited by T. K. Krishna Menon, B. A. (കേരള കല്പദ്രുമം പ്രെസ്സ്—തൃശ്ശിവപേരൂര)

Grammar—Sabdasodhini—Whole (ശബ്ദശോധിനി, മുഴുവൻ) by A. R. Rajaraja Varma, M. A., M. R. A. S.

Tamil—Poetry—Harichandrapuranam—Nakar Ninkiakandom (அரிச்சந்திர புராணம், நகர் நீங்கிய காண்டம்).

Prose—The last three Tantrams of Panchatantram. (பஞ்சதந்திரம் கடைசி மூன்று தந்திரங்கள்).

Grammar—Punariyal, Vinayiyal, Edayiyal (புணரியல், வினையியல், இடையியல்).

Sanskrit—Poetry—Raghuvamsam—Sarga I. (രഘുവംശം—സർഗ്ഗം 1).

Poetry—Nalopakhyana Sangraha (നളോപാഖ്യാന സംഗ്രഹഃ) by Lakshmana Suri:—Mr. K. Narayana Aiyengar, Central Book Depôt, Trivandrum.

Grammar—Sanskrit Compounds by N. Swaminatha Sastri, Elementary Sanskrit Grammar by N. Swaminatha Sastri, Asst., W. M. High School, Triplicane, Madras.

Algebra—Elementary Algebra by P. Ross (Longmans), Chapters XIV—XXIII.

Geography—India in detail as in Morrison's Geography together with Asia and Physical Geography portion from Longman's Geographical *series*—Book II.

Geometry—As prescribed in the New Syllabus published in the Government Gazette of 28th May 1907.

Huzur Cutcherry,
Trivandrum,
30th December 1907.

For the Chief Secretary to Government,
M. RAJARAJA VARMA,
Under Secretary to Government.

൧൦൮൩-ാം വൎഷത്തിൽ സൎക്കാർ പള്ളിക്കൂടങ്ങളിൽ ഉപയോഗിക്കേണ്ട പാഠപുസ്തകങ്ങളും ഭാഗങ്ങളും.

[സൂചകം —ഗ്രാന്റുപള്ളിക്കൂടങ്ങളിൽ ഈ പുസ്തകങ്ങളോ അല്ലെങ്കിൽ, ഗവൎമ്മെന്റിനാൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും തുല്യ പ്രയോജനമുള്ളതും ആയ മററു പുസ്തകങ്ങളോ ഉപയോഗിക്കാവുന്നതാകുന്നു.]

ലോവർ പ്രൈമറി സ്കൂളുകൾ.

൧-ാം ക്ലാസ്.

മലയാളം—ബാലപാഠം (ഗവൎമ്മെന്റിൽ നിന്നും പ്രസിദ്ധപ്പെടുത്തിയതു).

തമിഴ—സി. ആർ. നമശിവായമുതലിയാർ ഉണ്ടാക്കിയ ബാലപാഠം (நமச்சிவாய முதலியார் எழுதிய பாலபாடம்)

൨-ാം ക്ലാസ്.

മലയാളം—ഒന്നാം പാഠം (ഗവൎമ്മെന്റിൽ നിന്നും പ്രസിദ്ധപ്പെടുത്തിയതു). താഴെ പറയുന്ന പാഠങ്ങൾ.— ൧, ൨, ൩, ൪, ൫, ൬, ൭, ൮, ൯, ൧൦, ൧൧, ൧൨, ൧൩, ൧൪, ൧൫, ൧൬, ൧൭, ൧൮, ൧൯, ൨൦, ൨൧, ൨൨, ൨൩, ൨൪, ൨൫, ൨൬, ൨൭, ൨൮, ൨൯, ൩൦.

മേൽ വിവരിച്ചിട്ടുള്ള പാഠങ്ങളിലുള്ള പദ്യങ്ങൾ കുട്ടികൾക്കു കാണാപ്പാഠം ചൊല്ലുന്നതിനു പഠിപ്പിക്കേണ്ടതാകുന്നു.

തമിഴ—സി. ആർ. നമശിവായമുതലിയാർ ഉണ്ടാക്കിയ ഒന്നാം പാഠം (நமச்சிவாய முதலியார் எழுதிய முதல்பாட புத்தகம்)

൩-ാം ക്ലാസ്.

മലയാളം—രണ്ടാം പാഠം (ഗവൎമ്മെന്റിൽ നിന്നും പ്രസിദ്ധപ്പെടുത്തിയതു). താഴെ പറയുന്ന പാഠങ്ങൾ.—൧, ൩, ൪, ൬, ൭, ൮, ൯, ൧൦, ൧൧, ൧൨, ൨൦, ൨൩, ൨൪, ൨൫, ൨൭, ൩൧, ൩൨, ൩൪, ൩൫, ൩൮.

മേൽ വിവരിച്ചിട്ടുള്ള പാഠങ്ങളിലുള്ള പദ്യങ്ങൾ കുട്ടികൾക്കു കാണാപ്പാഠം ചൊല്ലുന്നതിനു പഠിപ്പിക്കേണ്ടതാകുന്നു.

തമിഴ—സി. ആർ. നമശിവായമുതലിയാർ ഉണ്ടാക്കിയ രണ്ടാം പാഠം (நமச்சிவாய முதலியார் எழுதிய இரண்டாம்பாட புத்தகம்).

English—Chambers' Fluent Readers—Primers, First and Second.

Hygiene (ആരോഗ്യരക്ഷ).—പാഠവിവരപ്പട്ടികയിൽ കാണിച്ചിട്ടുള്ളവ തന്നെ.

Agriculture (കൃഷിശാസ്ത്രം).—(തിരുവനന്തപുരം നോൎമ്മൽ സ്കൂളിൽ അസിസ്റ്റന്റു ടീച്ചർ ടി. കെ. വേലുപ്പിള്ള ബി. എ. ഉണ്ടാക്കിയതു).

അപ്പർ പ്രൈമറി സ്കൂളുകൾ.

൪-ാം ക്ലാസ്.

മലയാളം—മൂന്നാം പാഠം (ഗവൎമ്മെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തിയതു). താഴെ പറയുന്ന പാഠങ്ങൾ:—൨, ൩, ൪, ൫, ൭, ൧൨, ൧൩, ൧൪, ൧൭, ൧൮, ൨൨, ൨൩, ൨൪, ൨൫, ൨൬, ൩൧, ൩൨, ൩൪, ൩൫.

വ്യാകരണം—പ്രഥമവ്യാകരണം മുഴുവൻ. (എ. ആർ. രാജരാജവൎമ്മ എം. എ. ഉണ്ടാക്കി മനോരമ പ്രസ്സിൽ അടിച്ചു പ്രസിദ്ധപ്പെടുത്തിയതു)

തമിഴ—സി. ആർ. നമശിവായമുതലിയാർ ഉണ്ടാക്കിയ മൂന്നാം പാഠം (நமச்சிவாய முதலியார் எழுதிய மூன்றாம் பாட புத்தகம்)

English—*King Alfred Readers.* Introductory book, omitting the following lessons :—

1. The Snow,
2. Tot's Happy home.
3. Tot goes visiting.
4. Tot's story.
5. Tot in the city.
6. Tot is sick.
7. Tot's picnic.
8. Black sheep.
9. Topsy-turvy.
10. Jack horner.
11. Riding.
12. Humpty-Dumpty.
13. Five little pigs.
14. My donkey.
15. Bo-peep.

History (ചരിത്രം)—തിരുവിതാംകൂർ ചരിത്രകഥകൾ—പുതിയ പതിപ്പ്—തിരുവനന്തപുരം നന്ത്യാർവീട്ടിൽ കെ. പരമേശ്വരൻപിള്ള ഉണ്ടാക്കിയതു. (തിരുവനന്തപുരം ബി. വി. ബുക്ഡിപ്പോ മാനേജർ).

ആരോഗ്യരക്ഷ—പാഠവിവരപ്പട്ടികയിൽ കാണിച്ചിട്ടുള്ളവ തന്നെ.

കൃഷിശാസ്ത്രം—തിരുവനന്തപുരം നേററീവ് ഹൈസ്കൂൾ അസിസ്റ്റന്റ് ടീച്ചർ ടി. കെ. വേലുപ്പിള്ള ബി. എ. ഉണ്ടാക്കിയതു.

നാട്ടുഭാഷാ മിഡിൽസ്കൂളുകൾ.

൪-ാം ക്ലാസ്.

മലയാളം—നാലാം പാഠം. (ഗവർമ്മെണ്ടിൽ നിന്നു പ്രസിദ്ധപ്പെടുത്തിയതു) താഴെ പറയുന്ന പാഠങ്ങൾ :—

1. ജീവിതസ്നേഹം
2. ഭൂമിയുടെ ആകൃതി
3. യുധിഷ്ഠിര വാക്യം
4. ദക്ഷിണാപഥത്തിൽ ഇംഗ്ലീഷുകാരും ഫ്രെഞ്ചുകാരും തമ്മിലുണ്ടായ മത്സരം. ഒന്നാം ഭാഗം
5. ടി രണ്ടാം ഭാഗം
6. ടി മൂന്നാം ഭാഗം
7. ടി നാലാം ഭാഗം
8. വിദുരവാക്യം ഒന്നാം ഭാഗം
9. കരിമ്പ് ഒന്നാം ഭാഗം
10. ടി രണ്ടാം ഭാഗം
11. മലയവിലാസം
12. ചെമ്പകശ്ശേരി രാജ്യം. ഒന്നാം ഭാഗം
13. ടി രണ്ടാം ഭാഗം
14. ജന്തുസ്നേഹിയായ ഒരു ബാലൻ
15. രാമപ്രവാസം
16. കേരളം
17. ശങ്കരാചാര്യർ. ഒന്നാം ഭാഗം
18. ടി രണ്ടാം ഭാഗം

വ്യാകരണം—മധ്യമവ്യാകരണം ചെറിയ അക്ഷരത്തിൽ അച്ചടിച്ചിട്ടുള്ള ഭാഗങ്ങൾ ഒഴിച്ചു ശേഷമുള്ളവ മുഴുവൻ (എ. ആർ. രാജരാജവർമ്മ എം. എ. ഉണ്ടാക്കിയതു)

തമിഴ—പദ്യവും ഗദ്യവും സി. ആർ. നമശിവായ മുതലിയാർ ഉണ്ടാക്കിയ നാലാം പാഠം (நமச்சிவாய முதலியார் எழுதிய நான்காம் பாட புத்தகம்)

വ്യാകരണം—എഴുത്തു. പേയർ (எழுத்து, பெயர்)

English—King Alfred Readers. Books I and II. The following lessons:—

1. The wild wind
2. A kitten
3. In the Queen's stables
4. Minding the house
5. Willie's new book
6. The welcome rain
7. Two bright fairies
8. The sun
9. A funny parrot
10. Beginning at home
11. Tray and the doll
12. A wise horse
13. With the sheep—I
14. do II
15. The dove
16. Out for a run

൩-ാം ക്ലാസ്.

മലയാളം—പദ്യം—സ്യമന്തകം തുള്ളൽ (കുഞ്ചൻ നമ്പ്യാർ)
രാമചന്ദ്രവിലാസം (അഴകത്തു പത്മനാഭക്കുറുപ്പു ഉണ്ടാക്കിയതു) cantos 1—3

ഗദ്യം—ഇരാവതി (സി. പി. പരമേശ്വരൻപിള്ള) എസ്. ആർ. റെഡ്ഡിയാർ പ്രസിദ്ധപ്പെടുത്തിയതു. വില അണ ൩
നേതാജിപാല്കർ (കെ. ആർ. കൃഷ്ണപിള്ള ബി. എ.)

വ്യാകരണം—മദ്ധ്യമവ്യാകരണം മുഴുവൻ

തമിഴ—പദ്യം—പഞ്ചതന്ത്രം രണ്ടാം തന്ത്രം സുഹൃല്ലാഭം 1—70 വരെ പാട്ടുകൾ (பஞ்சதந்திரம் சுகிர்லாபம் 1—70 பாடல்கள்

ഗദ്യം—ഏഴാംപാഠം, മാർസ്ഡെൻ ഉണ്ടാക്കിയതു (மார்ஸடன் துரை எழுதிய புத்தகம் ஏழாம் பாகம்)

വ്യാകരണം—നാവലർ ഇലക്കണം (நாவலர் இலக்கணம்)

English—King Alfread Readers—Book III. The following lessons:—

1. Climbing a tree—I.
2. Do II.
3. At the point of time.
4. Boyhood of George Stevenson—I
5. Do. II.
6. Neptune—I.
7. Do. II.

നാട്ടുഭാഷാ ഹൈസ്കൂൾ.

൧-ാം ക്ലാസ്.

മലയാളം—പദ്യം—1. ഇരുപത്തിനാലു വൃത്തം—ഒന്നു മുതൽ നാലു വരെ വൃത്തങ്ങൾ.

2. ധ്രുവചരിതം കഥകളി (കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ഉണ്ടാക്കിയതു) മാനേജർ, കേരളവർമ്മ പ്രസ്സ്, ചങ്ങനാശ്ശേരി

3. ചെറുശ്ശേരി—ശ്രീകൃഷ്ണവൃന്ദാവനം മുതൽ ഇന്ദ്രദർപ്പഹരണം വരെ

ഗദ്യം—1. കുന്ദലത—(അപ്പു നെടുങ്ങാടി ബി. എ., ബി. എൽ., ഉണ്ടാക്കിയതു)

2. കുഞ്ചൻ നമ്പ്യാർ—(പി. കെ. നാരായണപിള്ള ബി. എ. ഉണ്ടാക്കിയതു)

വ്യാകരണം—ശബ്ദശോധിനി—പൂർവാർദ്ധം— (എ. ആർ. രാജരാജവർമ്മ എം. എ. ഉണ്ടാക്കിയതു)

തമിഴ—പദ്യവും ഗദ്യവും—ഷഡഗോപരാമാനുജാചാര്യർ ഉണ്ടാക്കിയ തമിഴ് ടെക്സ്റ്റ് മുഴുവൻ.

വ്യാകരണം—എഴുത്തിയൽ-പതവിയൽ-പെയരിയൽ (எழுத்தியல் பதவியல் பெயரியல்)

English—King Alfied Reders—Book IV. The following lessons:—

1. Keeping the Queen's Jubilee.
2. A fighter of the desert.
3. The fire alarm—I.
4. Do. II.
5. A Battle with wolves—I.
6. Do. II.
7. A friend of the people.
8. An incident in the Spanish-American war.—I.
9. Do. II.

൫-ാം ക്ലാസ്സ്.

മലയാളം—പദ്യം—1. അന്യാപദേശശതകം (വലിയ കോയിത്തമ്പുരാൻ ഉണ്ടാക്കിയതു)

2. നളചരിതം രണ്ടാം ദിവസത്തെ കഥ (ഉണ്ണായിവാര്യർ)

3. ഉത്തരരാമായണം ഭാഷാ ചമ്പു—Parts I and II. (ഒന്നും രണ്ടും ഭാഗങ്ങൾ)

4. ഭാരതം-ഉദ്യോഗപർവം

ഗദ്യം—1. ഇന്ത്യയിലെ മഹാന്മാർ—Part II. കല്ക്കട്ടായിലെ മഹാന്മാർ, മാത്രം (edited by T. K. Krishna Menon B. A.)

2. അക്ബർ (വലിയ കോയിത്തമ്പുരാൻ ഉണ്ടാക്കിയതു.)

വ്യാകരണം—ശബ്ദശോധിനി മുഴുവൻ. (എ. ആർ. രാജരാജവർമ്മ എം. എ. ഉണ്ടാക്കിയതു)

തമിഴ—പാഠവിവരപ്പട്ടികയിൽ കാണിച്ചിട്ടുള്ളവതന്നെ

English—King Alfred Readers—Book V. The following lessons:—

1. Christmas at Bob Cratchit's.
2. Fidelity.
3. Cleanliness.
4. The warden of the Cinque Ports.
5. The leisure hour.
6. Exercise.

ഹജൂർക്കച്ചേരി.
തിരുവനന്തപുരം.
൧൯൦൭ ഡിസംബർ ൩൦-നു

ഗവർമ്മെന്റു ചീഫ് സെക്രട്ടരി അവർകൾക്കു വേണ്ടി,
ഗവർമ്മെന്റു അണ്ടർ സെക്രട്ടരി.
എം. രാജരാജവർമ്മ രാജാ.

The following candidates are declared to have passed the Vernacular Higher Examination held on the 9th December 1907 / 24th Kartigay 1083 and the following days.

Order of merit.	Register Number.	Name.	Class.	Centre.
1	210	M. Kochukrishna Pillai	Second	Trivandrum.
2	17	Kesavan Narayanan	do	Kottayam
3	231	Minakshisundara Iyen Mahadeva Iyen	do	Trivandrum.
4	249	Rama Aiyan Sivasylam Iyen	do	Do
5	36	P. G. Nanu Panickar	do	Kottayam.
6	129	Achutha Pye Rama Bhattar	do	Quilon.
7	79	Govindan Parameswaran	do	Alleppey.
8	265	Rama Varma Revi Varma Thirumulpad	do.	Trivandrum.
9	22	Krishnan Achutha Varier	do	Kottayam.
	258	G. Raman Pillai	do.	Trivandrum.
11	4	S. Kunjan Pillai	do.	Parur.
	39	Narayanan Madhavan	do	Kottayam.
13	149	Madhavan Kesavan	do.	Quilon
14	160	Sankaran Kunju Kunju	do.	Do
15	275	Subrahmani Iyen Harihara Iyen	do	Trivandrum.
16	37	Narayanan Kesavan	do	Kottayam.
	139	Kesavan Narayanan	do.	Quilon.
18	73	Ganapathi Aiyan Narayana Aiyan	do.	Alleppey
19	19	Kesavan Parameswaram	do.	Kottayam
	81	Govinda Pillai Madhavan Pillai	do.	Alleppey.
	150	Mathai Kunjandi	do.	Quilon.
	176	Nani Amma Lakshmi Amma	do.	Trivandrum for Girls.
23	110	N. Parameswaran Pillai	do	Alleppey.
24	21	Koshy Varghese	do	Kottayam
	70	S. Mariam Thrasia	do.	Do.
26	47	Padmanabha Menon Ramakrishna Menon	do.	Do.
27	63	Suryanarayanan Velayudhan	do.	Do
	99	Narayanan Nair Raman Nair	do	Alleppey.
29	89	R. Krishna Pillai	do.	Do.
30	268	Sankaranarayana Iyen Venkateswara Iyen	do.	Trivandrum.
31	251	Ramanarayana Iyen Bhaskara Iyen	do	Do
32	199	Kali Pillai Kesava Pillai	do.	Do
	247	C. Parameswaran Pillai	do.	Do.
34	71	Parvathi Amma Narayani Amma	do.	Kottayam.
	131	Anandan Govindan	do.	Quilon.
	234	G. Narayana Pillai	do.	Trivandrum.
37	74	Govinda Kurup Parameswara Kurup	do.	Alleppey.
	286	V. Yoan Samuel	do.	Trivandrum.
39	23	Krishnan Gopalan	do.	Kottayam.
40	158	K. Ramakrishna Pillai	do.	Quilon
41	24	Krishnan Govinda Panickar	do.	Kottayam.
	52	Kuriakose Kuriakose	do.	Do.
	206	Kandan Ramen Pillai Narayana Pillai	do.	Trivandrum.
	217	Krishna Pillai Narayana Pillai	do	Do.
45	111	Bhagavatheeswara Iyen Ramakrishna Sastri	do.	Kottayam.
46	271	N. Sivarama Pillai	do.	Trivandrum.
47	153	Sundaresa Iyer Sivaramakrishna Aiyan	do.	Quilon.
48	119	Vargese Thomas	do.	Alleppey.
	229	Madhavan Pillai Narayana Pillai	do.	Trivandrum.

Order of merit.	Register Number.	Name		Class.	Centre.
50	46	Nilakanta Pillai Madhavan Pillai	...	Second.	Kottayam.
51	80	P. R. Govinda Pillai	.	do.	Alleppey.
	198	R. Govinda Pillai	...	do.	Trivandrum.
53	28	M. Krishna Pillai Narayana Pillai	...	do	Kottayam.
54	192	Krishna Pillai Gopala Pillai	...	do.	Trivandrum.
	194	M. Govinda Panickar	...	do.	Do.

Office of the Superintendent of Service Examinations, Trivandrum, 25th January 1908.

M. RAJARAJA VARMA,
For the Superintendent.



TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, February 4 1908 / Makaram 22 1083

FOREST DEPARTMENT.

Promotions

Mr. T. S. Venugopala Iyer, Deputy Conservator of Forests, is promoted as Senior Deputy Conservator in place of Mr. Curt Haeberle resigned

Mr A. P. Smith, Deputy Conservator of Forests is promoted to Mr T S Venugopala Iyer's place

Mr V. K. Govinda Menon, Assistant Conservator of Forests, is promoted as a Deputy Conservator of Forests in place of Mr. A P. Smith promoted.

Appointment

Senior Ranger Mr. D'Cruz is appointed an Assistant Conservator of Forests, in place of Mr. V. K. Govinda Menon promoted.

Mr P S Narayana Iyer Acting Revenue Settlement officer, is appointed to act as Assistant Conservator of forests during the deputation of Mr T. S Venugopala Iyer on special duty in place of Mr. A. Harihara Iyer who has reverted to his permanent appointment as Manager of the Conservator's Office

പ്രൊമോഷൻ കൊടുത്ത വിവരം.

ജോലി രാജി കൊടുത്ത മിസ്റ്റർ കർട്ട് ഹെബർലിയുടെ പകരം ഒന്നാം വക സീനിയർ ഡെപ്യൂട്ടി കാൺസർവേറ്റർ ആയി ഡെപ്യൂട്ടികാൺസർവേറ്റർ മിസ്റ്റർ ടി. എസ്. വേണുഗോപാലയ്യർക്കു പ്രൊമോഷൻ കൊടുത്തിരിക്കുന്നു.

മിസ്റ്റർ ടി. എസ്. വേണുഗോപാലയ്യരുടെ സ്ഥാനത്തേക്കു ഒന്നാം വക ഡെപ്യൂട്ടികൺസർവേറ്റർ മിസ്റ്റർ എ. പി. സ്മിത്തിനു പ്രൊമോഷൻ കൊടുത്തിരിക്കുന്നു.

പ്രൊമോഷൻ കൊടുക്കപ്പെട്ട മിസ്റ്റർ എ. പി. സ്മിത്തിന്റെ പകരം ഒരു [illegible] ഡെപ്യൂട്ടി കൺസർവേറ്ററായി [illegible] അസിസ്റ്റന്റ് കൺസർവേറ്റർ മിസ്റ്റർ വി. കെ. ഗോവിന്ദമേനോനു പ്രൊമോഷൻ കൊടുത്തിരിക്കുന്നു.

നിയമനം.

പ്രൊമോഷൻ കൊടുക്കപ്പെട്ട മിസ്റ്റർ വി. കെ. ഗോവിന്ദമേനോന്റെ പകരം ഒരു [illegible] അസിസ്റ്റന്റ് കൺസർവേറ്ററായി സീനിയർ റേഞ്ചർ മിസ്റ്റർ ഡിക്രൂസിനെ നിയമിച്ചിരിക്കുന്നു.

മിസ്റ്റർ എ. ഹരിഹരയ്യർ [illegible] ആഫീസിൽ മാനേജരായി [illegible] മിസ്റ്റർ ടി. എസ്. വേണുഗോപാലയ്യർ [illegible] അസിസ്റ്റന്റ് കൺസർവേറ്ററായി [illegible] വിചാരിക്കുന്നതിനു [illegible] മിസ്റ്റർ പി. എസ്. നാരായണയ്യരെ നിയമിച്ചിരിക്കുന്നു.

TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, February 4 1908 / Makaram 2[illegible], 1083

EXCISE DEPARTMENT.

Notice.

It is hereby notified for general information that Raman Narayanan, Bhagavathy Madan, Andaperumal Pillai, Narayanan Krishnan, Padmanabhan Velayudhan, Narayanan Krishnan, Madan Neelacandan and N. Krishnan, arrack vend renters of Town shops Nos. 2, 4, 7, 11, 16, 20, 27, 29 and 30 respectively having defaulted payment of their kists for the last three months, the privilege of vending arrack in these shops for the remaining period will be resold in auction at 1 P. M. on Monday 10th February 1908/28th Makaram 1083 by the Assistant Excise Commissioner, Southern Division, at the Office of the Circle Officer, Trivandrum.

The reauction will be at the risk of the above said Raman Narayanan, Bhagavathy Madan, Padmanabhan Raman, Andaperumal Pillay, Narayanan Krishnan, Padmanabhan Velayudhan, Narayanan Krishnan, Madan Neelacandan and N. Krishnan and will be subject to the conditions of the auction sale Notification of the arrack vend in Independent shops dated 5th May 1906.

Excise Commissioner's Office,
Camp, Shencottah,
16th January 1908.

T. PONNAMBALAM PILLAI,
Excise Commissioner.

നോട്ടീസ്.

